
# NEWMAN
# Voice 2001



2001

**NEWMAN COLLEGE**
**THODUPUZHA**











# NEWMAN COLLEGE
THODUPUZHA

# Lead Kindly Light




## JOHN HENRY CARDINAL NEWMAN

Lead kindly light,
Amid the encircling gloom
Lead Thou me on
The night is dark,
And I am far from home,

Lead Thou me on
Keep Thou my feet,
I do not ask to see
The distant scene
One step enough for me.

Cardinal Newman


# Our Light on the Path



**Rt. Rev. Dr. GEORGE PUNNAKKOTTIL M.A., S.T.D., L.S.S.**

PATRON OF THE COLLEGE

# Our Manager




Rt. Rev. Msgr. THOMAS MALEKUDY

# Our Principal



Prof. K.A. APREM

## FORMER PRINCIPAL



**Prof. T. OUSEPACHAN**

**BURSAR & VICE PRINCIPAL**



Fr. Paul Nedumpuram

**ADMINISTRATIVE ASSISTANT**



Sr. Cicilia K.A.


**STAFF ADVISOR**



M.T. Joseph





## STAFF EDITORS



Prof. K.M. Mathew
MALAYALAM



Prof. M. Sasidharan Nair
HINDI




Prof. K.V. Dominic
ENGLISH

## STUDENT EDITORS



Manoj Mathew



Arun S.




Aneesha A.A.



Satheesh N. Balan

## CHIEF STUDENT EDITOR



Shibin Thomas



# RETIRED STAFF



PROF. K.A. APREM
ENGLISH



PROF. JOSE ABRAHAM
PHYSICS



PROF. K.J. JOHN
BOTANY




PROF. BABY THOMAS
ENGLISH



PROF. P.M. MERCY
CHEMISTRY



SMT. K.A. MARY
PHYSICAL EDUCATION



ദൈവത്തിന്റെ വിരൽ പാടുകൾ പോലെ
മനുഷ്യവാസനകളിൽ പതിഞ്ഞ സർഗ്ഗാഭിലാഷം.
അക്ഷരങ്ങളായും, വരകളായും,
വർണ്ണങ്ങളായും വിരിഞ്ഞ
അന്തർവാസനകളുടെ ദൃശ്യാവിഷ്കാരം
വിശ്രുതാളും തേടിയുള്ള പുരാതന മനുഷ്യന്റെ
കടുംതുടിപാട്ട്
മാനിഷാദയിലൂടെ ഉറപൊട്ടി ഒഴുകിയ
ആദികവിയുടെ ശോണ ദുഃഖം
ധർമ്മാധർമ്മങ്ങളുടെ ശരശയ്യതീർത്ത
അന്തർ യുദ്ധങ്ങളുടെ കുരുക്ഷേത്ര കാവ്യം.
ആവിഷ്കാരാഭിലാഷങ്ങളുടെ
അഖണ്ഡമായ ഒഴുക്ക്.
മരണതിരങ്ങളെ പോലും കടന്നുള്ള പ്രവാഹം
അലമാലകൾ നർത്തനമാടുന്ന ആഴിപ്പരപ്പിൽ.
നീർത്തുള്ളികളുടെ നിർമ്മല കാന്തിയോടെ
ന്യൂമാൻ വോയിസ് 2001

സ്നേഹപൂർവ്വം
ഷിബിൻ



Declaration about Ownership of


# NEWMAN COLLEGE ANNUAL

| | | |
|---|---|---|
| Publisher | : | Prof. K.A. Aprem<br>Principal<br>Newman College, Thodupuzha |
| Publisher's residential address | : | Kuzjikandayil House<br>Keerikode<br>Thodupuzha East P.O. |
| Staff Editors | : | Prof. K.M. Mathew<br>Prof. M. Sasidharan Nair<br>Prof. K.V. Dominic |
| Chief Student Editor | : | Shibin Thomas<br>Newman College Thodupuzha |
| Chief Student Editor's residential address | : | Puthenpurackel House<br>Keerikode<br>Thodupuzha East P.O. |
| Place of publication | : | Thodupuzha |
| Periodicity | : | Annual |
| Nationality | : | Indian |
| Address of Owner | : | Principal, Newman College Thodupuzha |
| Cover, Colour pages, Type setting & DTP | : | Mayura Graphics, Thodupuzha |

I, Prof. K.A. Aprem, hereby declare that the particulars given here in are true to the best of my knowledge and belief

Prof. K.A. Aprem

# സമർപ്പണം



സംസാരവും വാക്കുകളും

ശബ്ദവും ഒന്നുമില്ലാത്ത ഒരു ലോകത്തേയ്ക്ക്

മഴയുടെ സംഗീതവുമായി കടന്നുപോയ വിക്ടർ ജോർജ്ജിന്.....

# REPRESENTATIVES



Lady Rep.
**JISHA V.C.**




Lady Rep.
**JASMIN C.J.**




III DC Rep.
**ANU S. NAIR**




II P.G. Rep.
**JOSE P.T.**



I DC Rep.
**BINOY MATHEW**



II DC Rep.
**BENNY JOSEPH**



II PDC Rep.
**ARUN SEBASTIAN**

# UNION CABINET

**CHAIRMAN**




**ANOOP B.**

**VICE CHAIRMAN**




**SHAHIDA IBRAHIM**

**GENERAL SECRETARY**




**TONY ABRAHAM**

**EDITOR**




**SHIBIN THOMAS**

**UUC**



**THOMAS VARKEY**

**ARTS CLUB SECRETARY**



**BIJESH JOHN**


**UUC**



**MASHVEL C.M.**


# ASSOCIATION SECRETARIES

ECONOMICS



Pradeep P. James

BOTANY




Sinoj N.A.

COMMERCE



Noby M. Kunnath

HISTORY




Jomy James

LITERATURE




Shibu Joseph

CHEMISTRY



Anu Francis

PHYSICS




Noble J. Thayyil

MATHEMATICS




Siby Johny

ZOOLOGY



Ajeesh T.T.


# NOMINATED MEMBERS




Ebin George
Quiz Club




Sanoj George
Debate Club



Paulson Joseph
Agriculture Club




Vinoy Sebastian
Sports Club




Santhosh T.T.
Music Club



Julee George
Dance Club



Sijo James
Literature Club



Nithin Mohan T.K.
Computer Club



Sinoj N.A.
Cartoon Club

# Union Inauguration



Inaugural Address
K.M. ROY









Chief Guest
R. VENU I.F.S.



Felicitation
Prof: T. OUSEPACHAN



Felicitation
Prof: K.A. APREM



Chairman ANOOP B.

# UNION INAUGURATION



Prof: M.T. JOSEPH



TONY ABRAHAM

# ASSOCIATION INAUGURATIONS



MATHEMATICS



PHYSICS



ENGLISH



HISTORY



COMMERCE



ECONOMICS



BOTANY



ZOOLOGY




CHEMISTRY



# കാഴ്ചപ്പാടുകൾ മാറണം - ആന്റണി

സ്വാതന്ത്ര്യസമരം വാർത്തെടുത്ത രാഷ്ട്രീയ ധാർമ്മികതകളുടെ അവസാന പ്രതിരൂപംപോലെ എ.കെ. ആന്റണി എന്ന അറയ്ക്കപ്പറമ്പിൽ കുര്യൻ ആന്റണി. അധികാരത്തിന്റേയും പത്രാസുകളുടെ ലോകത്ത് പരുക്കൻ ഖദർ ധരിച്ച് വിനയാന്വിതനായ ദേശീയ നേതാവ്. ജീവിതം തന്നെ സന്ദേശമായിരിക്കണം എന്ന മഹാത്മാവിന്റെ ആഹ്വാനം നിർബന്ധപൂർവ്വം സ്വജീവിതത്തിൽ പകർത്തുന്ന, ഇന്ത്യൻ രാഷ്ട്രീയത്തിലെ ഈ ഏകാന്ത സഞ്ചാരി എന്നും ഒരു വിസ്മയം ആയിരുന്നിട്ടുണ്ട്.



അധികാരം നിലനിർത്തുക പരമപ്രധാന ലക്ഷ്യമായി അംഗീകരിക്കപ്പെട്ട ലോകത്ത് അധികാരം പുല്ലുപോലെ വലിച്ചെറിഞ്ഞിട്ട് ഇറങ്ങിപ്പോരാൻ തന്റേടം കാട്ടിയിട്ടുള്ള നമ്മുടെ ഒരേ ഒരു രാഷ്ട്രീയ നേതാവ്. അധികാരം പ്രതാപത്തിന്റെ ചിഹ്നമായി കരുതുന്ന ലോകത്ത് ആന്റണിക്ക് അത് മാനവസേവയ്ക്കുള്ള ദൗത്യംമാത്രം. അകമ്പടികളുടെ പ്രതാപപൂർണ്ണമായ ആഡംബരങ്ങളോടെ മുഖ്യമന്ത്രിമാർ സഞ്ചരിക്കുന്ന ഇന്ത്യയിൽ ഒരു എ.സി. പോലും ഇല്ലാത്ത അംബാസിഡർ കാറിൽ കനപ്പെട്ട രാഷ്ട്രീയ ദൗത്യങ്ങളുമായി ഒറ്റയ്ക്ക് സഞ്ചരിക്കുന്ന ആന്റണി മഹാത്മാഗാന്ധിയുടെ സ്വപ്നത്തിൽ ഉണ്ടായിരുന്ന രാഷ്ട്രീയ നേതാവിനെ ഓർമ്മിപ്പിക്കും. ഇതുതന്നെയാണ് ഈ കുറിയ മനുഷ്യന്റെ വലിപ്പം. ന്യൂമാൻ വോയ്സിന് വേണ്ടി ഇന്റർവ്യൂ അനുവദിക്കുമ്പോഴും മഹത്വപൂർണ്ണമായ ഈ എളിമ ആന്റണിയിൽ ദൃശ്യമായിരുന്നു.

പഠിക്കാൻ ഇടം തേടിയും തൊഴിൽ അന്വേഷിച്ചും അന്യനാടുകൾ തേടിപ്പോകുന്നവരായിരിക്കുന്നു ഇവിടുത്തെ ചെറുപ്പക്കാർ. ഗവൺമെന്റിന് ഈ പ്രശ്നങ്ങളോടുള്ള സമീപനം എന്താണ്?

ഇൗ ഗവൺമെന്റിന്റെ പ്രഥമ പരിഗണനയിൽ വന്നിട്ടുള്ള വിഷയങ്ങളാണ് ഇവ രണ്ടും. കേരളത്തിലെ കുട്ടികൾക്ക് കേരളത്തിൽ തന്നെ ഉപരിപഠനത്തിന് അവസരം ഉണ്ടാകണമെങ്കിൽ പ്രഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഒരു കുതിച്ചുചാട്ടം ഉണ്ടാകണം. വരുമാനത്തിന്റെ 90% ശമ്പളം കൊടുക്കാൻ ചെലവഴിക്കുന്ന സർക്കാരിനെകൊണ്ട് ഭീമമായ ചെലവുള്ള പ്രൊഫഷണൽ കോളേജുകൾ സ്ഥാപിച്ച് നടത്താൻ ആവില്ല. അതുകൊണ്ട് ഈ രംഗത്ത് സ്വകാര്യമേഖലയ്ക്ക് അവസരം

റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
Tamarind STURDY
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ

കൊടുക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ അഞ്ച് വർഷത്തിനുള്ളിൽ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണും.

പിന്നെ തൊഴിൽ ഇല്ലായ്മ എന്ന ഗുരുതരമായ പ്രശ്നം. കേരളത്തെ ഒരു "ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി സ്റ്റേറ്റ്" ആക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. വൻതോതിൽ നിക്ഷേപം എത്താൻ തുടങ്ങിയാൽ അതനുസരിച്ച് തൊഴിൽ അവസരങ്ങളും ഉണ്ടാകും. ഈ വിധത്തിൽ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുവാൻ കഴിയും എന്ന ശുഭപ്രതീക്ഷയിലാണ് സർക്കാർ.

തസ്തികകൾ സൃഷ്ടിക്കാൻ മടിക്കുന്ന ഗവൺമെന്റ് യഥാർത്ഥത്തിൽ തൊഴിലവസരങ്ങൾ കുറയ്ക്കുകയല്ലേ ചെയ്യുന്നത്.?

അനാവശ്യ തസ്തികകൾ സൃഷ്ടിക്കുകയില്ലെന്നേ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളൂ. എല്ലാം ഗവൺമെന്റ് മേഖലയിൽ എന്ന കാഴ്ചപ്പാടാണ് പ്രശ്നങ്ങളെ ഇത്രയും ഗുരുതരമാക്കിയത്. സ്വകാര്യ നിക്ഷേപത്തിന്റെ ഒരു വലിയ കടന്നുവരവ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നുണ്ട്. അതുവഴി വൻ തൊഴിലവസരങ്ങളും ഉണ്ടാകും. മാറിയ കാഴ്ചപ്പാടുകൾ പ്രശ്നങ്ങളെ പരിഹരിക്കപ്പെടുകതന്നെ ചെയ്യും.

ഐ.ടി. രംഗത്ത് മാന്ദ്യം നേരിടുന്ന സാഹചര്യത്തിൽ ഗവൺമെന്റ് ഐ.ടി.ക്ക് കൊടുക്കുന്ന പ്രാധാന്യം പുനഃപരിശോധിക്കേണ്ടതില്ലേ?

മാന്ദ്യം താത്ക്കാലിക പ്രതിഭാസമാണെന്നാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് മനുഷ്യ വിഭവമാണ്. ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള ഐ.ടി.ക്ക് ആ നിലയ്ക്ക് പ്രധാന്യം കൊടുത്തേ പറ്റൂ.

അങ്ങ് അനുവർത്തിച്ചുവരുന്ന ചെലവ് ചുരുക്കൽ ഫലം ചെയ്യുമോ?

തീർച്ചയായും ഫലം ചെയ്യും. കൺസ്യൂമർ സംസ്കാരത്തിൽ അടിമപ്പെട്ട് ദുർവ്യയവും ആഡംബരവും വർദ്ധിച്ച് വരുന്നതായാണ് കാണുന്നത്. ആശാസ്യകരമായ സ്ഥിതിവിശേഷം അല്ല ഇത്. അതുകൊണ്ട് മിത വ്യയത്തിന്റെ ഒരു സംസ്കാരം ഉണ്ടാകണം. മന്ത്രിമാർ ഇക്കാര്യത്തിൽ മറ്റുള്ളവർക്ക് മാതൃക ആയിരിക്കണം.

ന്യൂമാനിലെ വിദ്യാർത്ഥികൾക്കായി അങ്ങയുടെ ഒരു സന്ദേശം കുറിച്ചുതരാമോ?

ചിരിച്ചുകൊണ്ട് ആന്റണി സന്ദേശം കുറിക്കുന്നു.

സത്യസന്ധതയിലും ആദർശ ബുദ്ധിയിലും ഉറച്ചുനിന്ന് പഠിക്കുക, [illegible] [illegible]ത്തിന്റെയും [illegible]യുടെയും സേവകരാകുക.

എ.കെ. ആന്റണി 20/8/2001

റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
Man Machine Tamarind STUDDY Nature Independence
ചാമക്കാലായിൽ





# ക്യാമ്പസുകളുടെ നായകൻ

## ദിലീപ് സംസാരിക്കുന്നു

Interview

ദേശീയ ശ്രദ്ധ ആകർഷിച്ച മഹാനടൻമാരുടെ നിഴലിൽ ജനപ്രീതിയുടെ അംഗീകാരവുമായി ദിലീപ്. മമ്മൂട്ടിയുടെ പൗരുഷ ഗാംഭീര്യമോ, മോഹൻലാലിന്റെ ആടി തെളിഞ്ഞ കലാവിഷ്കാര വൈഭവമോ ഇല്ലാതെ വെള്ളിത്തിരയിൽ നിറഞ്ഞുനിൽക്കുന്ന സാന്നിദ്ധ്യമാണ് ദിലീപ്. ശരാശരി മലയാളി പ്രേക്ഷകർ എന്നും നെഞ്ചിലേറ്റി താലോലിക്കുന്ന ' കുടുംബ ചിത്രങ്ങളുടെ അഭിനയ ശ്രീയാർന്ന നടൻ.

അഭിനയ സാദ്ധ്യതകളുടെ ചക്രവാളങ്ങൾ തേടിയുള്ള പ്രയാണങ്ങളൊന്നും നടത്താതെയും തിരിച്ചു പുരസ്കാരങ്ങൾ തേടിവരാതെയും തനിക്കിണങ്ങുന്ന ലോകത്തെ അഭിനയ ചക്രവർത്തിയായി തുടരുന്ന ദിലീപിന്റെ വശ്യത അദ്ദേഹമവതരിപ്പിക്കുന്ന ലളിതകഥാപാത്രങ്ങളുടെ സ്പന്ദിക്കുന്ന ജീവിതങ്ങളാണ്. സാധാരണക്കാരന് പുഞ്ചിരിക്കാനും കുറച്ചൊന്നു വിഷാദിക്കാനും കഴിയുന്ന സ്വജീവിതത്തിന്റെ പകർപ്പുകളാണിവ. മലയാളികളുടെ പ്രിയപ്പെട്ട നടി മഞ്ജുവാര്യരെ സിനിമയിൽ നിന്നും അടർത്തി സ്വന്തമാക്കിയെടുത്തപ്പോഴും ദിലീപ് ഒരു അവാർഡ് കരസ്ഥമാക്കിയ പ്രതീതിയെ പ്രേക്ഷകർക്ക് അനുഭവപ്പെട്ടുള്ളൂ. അഭിമുഖം നടത്തുമ്പോൾ ദിലീപിന്റെ മുഖത്ത് വിദ്യാർത്ഥി ഭാവങ്ങൾ മാത്രം.

റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
Man Machine Tamarind STUDDY Nature Independence
JMJ CHAMAKKALAYIL
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ




1. 2000 -ാം ആണ്ട് കഴിഞ്ഞ് പുതിയ വർഷം അതായത് 2001 നെ പറ്റി എന്തു പറയുന്നു. പ്രത്യേകിച്ച് വിദ്യാർത്ഥികളോട് ?

പുതിയവർഷത്തിൽ എല്ലാവർക്കും സന്തോഷവും സമാധാനവും ഐശ്വര്യവും നേരുന്നു. എല്ലാവർക്കും നന്മവരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2. കാമ്പസ് രാഷ്ട്രീയത്തെ പറ്റി എന്താണ് വിദ്യാർത്ഥികളോട് പറയുവാനുള്ളത്?

രാഷ്ട്രീയമൊക്കെ നല്ലതാണ്. കക്ഷിരാഷ്ട്രീയത്തിന്റെ പേരിൽ കോളേജിൽ അക്രമം നടത്തുന്നതും തമ്മിൽ തല്ല് ഉണ്ടാക്കുന്നതും ഒരിക്കലും നല്ലതല്ല. നാമെല്ലാവരും സഹോദരി സഹോദരങ്ങളാണെന്ന കാര്യം വിസ്മരിച്ച് ഒരിക്കലും പ്രവർത്തിക്കരുത്.

3. കാമ്പസ് പ്രണയത്തെക്കുറിച്ച് എന്താണ് അഭിപ്രായം ?

സ്നേഹ ബന്ധങ്ങൾ നല്ലതാണ്. പക്ഷേ രണ്ടു പേരും വെറും സമയം പോക്കിന് മാത്രമായി ഇതിനെ കാണാതെ Serious ആയി കാണണമെന്നതാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ രണ്ടു പേർക്കുമത് ഒരു പാട് വിഷമത്തിന് കാരണമാകും.

4. സ്വന്തം അനുഭവത്തിൽനിന്നാണോ ഇത് പറയുന്നത് ?

തീർച്ചയായും ഞാൻ പ്രണയത്തെ വളരെ Serious ആയി കണ്ടതുകൊണ്ടാണ് അത് വിവാഹത്തിൽ കലാശിച്ചത്.

5. കുടുംബജീവിതമൊക്കെ എങ്ങനെ. ?

വളരെ സന്തോഷമായി തന്നെ പോകുന്നു. ഞങ്ങൾ വളരെ സന്തുഷ്ടരായ ഭാര്യ ഭർത്താക്കന്മാരാണ്.

6. ഇപ്പോൾ അവസാനമായി അഭിനയിച്ച ചിത്രമേത് ?

ദോസ്ത് എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് കഴിഞ്ഞു. ഇനി ലോഹിതദാസിന്റെ ഒരു ചിത്രമാണ്; പേരിട്ടിട്ടില്ല.

7. കോമഡി ചിത്രങ്ങളാണല്ലോ താങ്കൾ കൂടുതലും അഭിനയിച്ചിട്ടുള്ളത് ; എന്തുകൊണ്ടാണ് ?

അങ്ങനെ പ്രത്യേകിച്ച് താല്പര്യങ്ങളില്ല രണ്ട് രീതിയിലുള്ള റോളും ചെയ്യാൻ താൽപര്യമുണ്ട്. ഏത് റോളും ചെയ്യുവാൻ ഒരുക്കമാണ്.

8. എന്തെങ്കിലും ഒരു പ്രോജക്ട് മനസ്സിലുണ്ടോ?

അങ്ങനെ പ്രത്യേകിച്ച് സ്വപ്നങ്ങളൊന്നുമില്ല. ചെയ്യുന്ന റോൾ നന്നായി ചെയ്യണമെന്നുണ്ട്.

9. ഇതുവരെയുള്ള സിനിമാ ജീവിതത്തെപറ്റി എന്തു പറയുന്നു ?


തീർച്ചയായും സന്തുഷ്ടനാണ്. ജനങ്ങൾ നൽകിയ അംഗീകാരത്തെ എന്നും നന്ദിയോടെ ഓർത്തുകൊള്ളുന്നു.

10. കാമ്പസ് ജീവിതത്തെപറ്റി എന്തുതോന്നുന്നു ?

കാമ്പസ് ജീവിതം വളരെ നന്നായി ആസ്വദിച്ച വ്യക്തിയായിരുന്നു ഞാൻ. ജീവിതത്തിൽ ഏറ്റവും സന്തോഷം നൽകിയ നാളുകളായിരുന്നു കാമ്പസ് ലൈഫ്. ഇപ്പോൾ തീർച്ചയായും നഷ്ടബോധംതോന്നു. ഇനി ആ നല്ലനാളുകൾ തിരിച്ച് കിട്ടുകയില്ലല്ലോ എന്ന് ഓർക്കുമ്പോൾ.........

റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
Tamarind
Nature
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ








# ഇതോ ദൈവത്തിന്റെ സ്വന്തം നാട്



Sony Mathew $C_4$

പതിനെട്ടു വർഷത്തെ അദ്ധ്യാപക ജീവിതത്തിനിടയിൽ ഞാൻ കുറേ കാര്യങ്ങൾ പഠിച്ചു. ജോലിയോട് കൂടുതൽ ആത്മാർത്ഥത പാടില്ല. പരീക്ഷയിൽ കോപ്പിയടിക്കുന്നവരുടെയും നേതാവു ചമഞ്ഞു വരുന്നവരുടേയും ക്ലാസ്സിൽ ബഹളമുണ്ടാക്കുന്നവരുടേയും നേർക്ക് കണ്ണടയ്ക്കണം. അങ്ങനെയെങ്കിൽ 55 വയസ്സുവരെ പഠിപ്പിക്കാം. അല്ലെങ്കിൽ ആയുസ്സ് കുറയും. അദ്ധ്യാപകരെ തല്ലുന്ന തലമുറ കൊല്ലാനും മടിക്കില്ല. ഇക്കഴിഞ്ഞ നവംബറിൽ തിരുവനന്തപുരം വട്ടിയൂർ ക്കാവിലുള്ള സെൻട്രൽ പോളിടെക്നിക് സ്കൂളിലെ ക്ലാസ്സ്മുറിയിൽ വച്ച് വിദ്യാർത്ഥിയുടെ മർദ്ദനമേൽക്കേണ്ടി വന്ന സുഹ്റ എന്ന അദ്ധ്യാപികയുടെ ഹൃദയ വിലാപമാണിത്.

സ്കൂൾ കുട്ടികളുടെ മുൻപിലിട്ട് അദ്ധ്യാപകനെ വെട്ടിനുറക്കികൊല്ലുന്ന രാഷ്ട്രീയ വിപ്ലവകാരികൾ, സഹപാഠിയുടെ ദേഹത്ത് മൂർച്ചയുള്ള കത്തിമുനകൊണ്ട് വിപ്ലവമെഴുതുകയും, പ്രാണരക്ഷാർത്ഥം വെള്ളത്തിൽ ചാടുന്നവനെ പൊങ്ങിവരുന്ന സമയം ഉന്നം തെറ്റാതെ എറിഞ്ഞു കൊല്ലുകയും, സഹപാഠി ധരിച്ചിരിക്കുന്ന ഖദർ വസ്ത്രത്തെ ചൊല്ലി ഭീഷണി മുഴക്കുകയും എതിർ പാർട്ടിക്കാരെ ഇരുത്താൻ യൂണിയൻ ഓഫീസിൽ കമ്പിപ്പാര, വടിവാൾ, ഹോക്കി സ്റ്റിക്കുകൾ ഇവ സൂക്ഷിക്കുകയും ചെയ്യുന്ന വിദ്യാർത്ഥിനേതാക്കൾ, പാർട്ടിയാവിശ്യങ്ങൾക്ക് വഴങ്ങാത്തത് പ്രിൻസിപ്പലോ വി.സി. യോ ആരായാലും അവരെ ബന്ദികളാക്കുകയും അദ്ധ്യാപകനെ തല്ലുകയും ചെയ്യുന്ന വിദ്യാർത്ഥികൾ. എന്തേ നമ്മൾ ഇങ്ങനെയാകുന്നു ?.

സഹപാഠികളേയും അദ്ധ്യാപകരേയും ഒക്കെ മർദ്ദിക്കുന്ന ഈ പ്രവണത വിദ്യാർത്ഥികളിൽ എങ്ങനെയാണ് കടന്നുകൂടിയത്? ഇവർ എണ്ണത്തിൽ കുറവായിരിക്കും. പക്ഷേ, ഭൂരിഭാഗം വരുന്ന മറ്റു കുട്ടികളുടെ പഠിക്കാനുള്ള അവകാശത്തിന്റെ കടയ്ക്കലാണ് ഇവർ കത്തി വയ്ക്കുന്നത്. ഒപ്പം ഗുരുനിന്ദയുടെ ശാപവും ഇവർ ഏറ്റുവാങ്ങുന്നു.

കലാലയങ്ങളിൽ ഇന്ന് നടക്കുന്ന അക്രമങ്ങൾക്ക് പിന്നിലുള്ള കുട്ടികളെ തെരുവ് തെമ്മാടിത്തത്തിന്റെ ശൈലി പഠിപ്പിക്കുന്ന പാർട്ടികൾ ഏതൊക്കെയായാലും അതിന്റെ ദുരന്തഫലം അനുഭവിക്കേണ്ടിവരുന്നത് അവർകൂടി ഉൾപ്പെടുന്ന സമൂഹം ഒന്നടങ്കമായിരിക്കും. വിദ്യാർത്ഥികളുടെ ക്ഷേമമോ ഭാവിയോ ഇവർക്ക് പ്രശ്നമല്ല. തങ്ങളുടെ അക്രമശൈലി തുടർന്നു കൊണ്ടുപോകാൻ ഒരു തലമുറയെ സജ്ജമാക്കുക എന്നതാണവരുടെയാവശ്യം.കേരളത്തിലെ സാംസ്കാരിക നിലവാരം ഒന്നിനുമേൽ താഴ്ന്നുവരുന്ന തായി നമുക്കുകാണാം. 'സ്വഭാവരൂപീകരണം സാധിക്കാത്ത വിദ്യാഭ്യാസം തിന്മയ്ക്കു മാത്രമേ ശക്തിപകരൂ. അതുകൊണ്ടാണ് ഗാന്ധിജി പറഞ്ഞതു പോലെ 'പ്രതിഭാസമ്പന്നരായ കള്ളന്മാരും മാന്യൻമാരായ തെമ്മാടികളും' ലോകത്തിൽ കാണപ്പെടുന്നത് '.

ദൈവത്തിന്റെ സ്വന്തം നാടായ കൊച്ചുകേരളത്തിൽ തന്നെ എന്തൊക്കെ കാഴ്ചകളാണ് നാം ചുറ്റും കാണുന്നത്. മദ്യം എന്ന പേരിൽ വിഷം തന്നെ വിളമ്പി ആളുകളെ കൊല്ലുന്ന മദ്യലോബികൾ, അബ്കാരികളിൽ നിന്ന് കൃത്യമായി മാസപ്പടി വാങ്ങുന്ന ഉദ്യോഗസ്ഥർ, അവരെ സംരക്ഷിക്കുന്ന രാഷ്ട്രീയക്കാർ, സ്ത്രീ ശരീരത്തിൽ(മൃതദേഹമായാലും)ഭോഗസാദ്ധ്യതമാത്രം കാണുന്ന വിടന്മാർ, ബസ്സിലും ജോലിസ്ഥലത്തും സ്ത്രീയെ അവഹേളിക്കുന്നവർ, മാതാപിതാക്കളെ കൊല്ലുന്ന മക്കൾ, മക്കളെ കൊല്ലുന്ന മാതാപിതാക്കൾ.... അങ്ങനെ പോകുന്നു ആ കാഴ്ചകൾ. ആരാണു ഈ നാടിനു ദൈവത്തിന്റെ സ്വന്തം നാടെന്നു പേരു നൽകിയത്? ഏതു ദൈവത്തിന്റെ നാടാണിത് ?

രാവിലെ പത്രം തുറക്കാൻ തന്നെ ഭയമാണ്. വെട്ടിനുറുക്കി കൊന്നിട്ടിരിക്കുന്ന സഹജീവികളുടെ



ക്ലോസപ്പ് ചിത്രങ്ങൾ കണ്ട് പ്രതികരണശേഷിപോലും കേരളീയനു നഷ്ടപ്പെട്ടിരിക്കുന്നു. വർഷങ്ങളായി കണ്ണൂരിന്റെ മണ്ണ് രാഷ്ട്രീയപകയുടെ ചോര വീണ് നനയാൻതുടങ്ങിയിട്ട്. പക്ഷേ, അവിടെ വീണു പിടഞ്ഞുമരിക്കുന്നത് മനുഷ്യജീവനാണ് എന്ന തിരിച്ചറിവ് ഇല്ലാതെ പോകുന്നു എന്നതാണ് ദുഃഖകരം എത്ര അമ്മമാർക്കാണ് തങ്ങളുടെ സർവ്വപ്രതീക്ഷകളുമായിരുന്ന പൊന്നുമക്കൾ നഷ്ടമായത് ? എത്ര സ്ത്രീകളാണ് വിധവകളായത്. പാർട്ടിഭേദമില്ലാത്ത ഈ അമ്മമാരുടേയും പെങ്ങൻമാരുടേയും ശാപവും നിലവിളിയും പാഴായിപ്പോകുമോ?.

അക്രമത്തെ അക്രമം കൊണ്ട് അടിച്ചമർത്താമെന്ന് കരുതുന്നത് മൗഢ്യമാണ്.പിന്നെ ആർക്കു വേണ്ടി എന്തിനുവേണ്ടിയാണീചോരക്കളികൾ. അക്രമത്തിന്റേയും പകവീട്ടലിന്റേയും പാതവെടിഞ്ഞ് സമാധാനത്തിന്റേയും സാഹോദര്യത്തിന്റേയും വഴികളിലൂടെ നടന്നാൽ മാത്രമേ ഈ നാട് ദൈവത്തിന്റെ നാടാവുകയുള്ളു. കലാലയങ്ങൾ അതിനുള്ള പരിശീലനകളരിയാവണം. സമാധാനത്തിന്റെ പുൻപുലരി പിറക്കാൻ, നന്മയുടെ തിരിനാളങ്ങൾ തെളിക്കുന്ന വരാകാൻ നമ്മുടെ മനസ്സിന്റെ വാതായനങ്ങൾ തുറന്നിടാം.

*Best Wishes From*

SKYLINE COMPUTERS & . NET CYBERCAFE
CHOORAPUZHA TOWERS
Pala Road, THODUPUZHA. Ph: 229437 , 229438
Internet, E-Mail, Games, D.T.P.

AJ ലേഡീസ് സെന്റർ & സ്റ്റേഷനറീസ്
Ph: 228130
മങ്ങാട്ടുകവല, തൊടുപുഴ
പ്രസന്റേഷൻ സെറ്റുകൾ, പാദരക്ഷകൾ, ലേഡിസ് ഐറ്റംസ്

ആശംസകൾ
രുചികരമായ ബേക്കറി സാധനങ്ങൾക്കും
ടീപാർട്ടി ഓഡർറുകൾക്കും
ജയാ ബേക്കറി
കാഞ്ഞിരമറ്റം ജംഗ്ഷൻ, തൊടുപുഴ

ചുരിദാറുകൾക്കും ചുരിദാർ മെറ്റീരിയൽസിനും പ്രത്യേക വിഭാഗം
RUF&TUF EXCALIBUR Independence Cotton Country
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ



# ആഗോളവൽക്കരണം



രാജീവ് തോമസ്
(രണ്ടാം വർഷ ചരിത്രം)

ആഗോളവൽക്കരണം എന്നത് ഇന്ന് എവിടെയും കേൾക്കുന്ന ഒരു ശബ്ദമാണ് ഇതിനെ കുറിച്ച് ധാരളം സംവാദങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ആഗോളവൽക്കണം ഒരു രാജ്യത്തിന്റെ സമ്പത് വ്യവസ്ഥയെ ലോക സമ്പത്ത് വ്യവസ്ഥയുമായി യോജിപ്പിക്കുന്ന പ്രക്രിയയാണ്. ഇത് നിശ്ചിത രാജ്യത്തിന്റെ സമ്പത് വ്യവസ്ഥയെ വിദേശ നിക്ഷേപകർക്കായി തുറന്നു കൊടുക്കുന്നു. ഇത് രാജ്യത്തിലെ വിദേശ മൂല ധനനിക്ഷേപം പ്രോത്സാഹിപ്പിക്കുന്നു. ഇറക്കുമതി നികുതികൾ അവസാനിപ്പിക്കുന്നു. ഒപ്പം കയറ്റുമതി പ്രോത്സാഹന നടപടികൽക്കായി വിദേശവിനിമയ നിരക്കുകളുടെ വ്യതിയാനങ്ങളിലൂടെ കയറ്റുമതി വികസനത്തിനുള്ള നീക്കങ്ങൾ നടത്തപ്പെടുന്നു.

ആഗോളവൽക്കരണം പെട്ടെന്ന് തുടങ്ങിയതല്ല അതിന് മനുഷ്യ വികസനത്തിന്റെ അത്രചരിത്രമുണ്ട്. സമുദ്രവ്യാപരവും യൂറോപ്പിലുണ്ടായ വ്യവസായ വൽക്കരണവും ഇതിലേക്ക് നയിച്ചസംഗതികളാണ് ആഗോളവൽക്കരണത്തിന്റെ പെട്ടന്നുണ്ടാകുവാനുള്ള കാരണം രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കോളനികളുടെ സ്വാതന്ത്ര്യ പ്രപ്തിയും പിന്നീട് ഇൻഫോർമേഷൻ ടെക്നോളജിയുടെ വളർച്ചയുമാണ്. ഇത് മൂലം ലോകത്തെ ഒരൊറ്റവിപണിയാക്കുവാൻ സഹായിച്ചു.

ആഗോളവത്സക്കരണം ഗാട്ടിന്റെ ഉത്ഭവത്തോടെ തുടക്കം കുറിച്ചു എന്ന് കരുതാം രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമാണ് ഗാട്ട് നിലവിൽ വന്നത് ഇതിന്റെ പ്രധാന ഉദ്ദേശം അന്താരഷ്ട്രാ വ്യാപരാസഹകരണം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയായിരുന്നു. 1947 ൽ 23 രാജ്യങ്ങൾ ചേർന്ന് Gatt - General Agreement of Trade and Tariffs ഒപ്പുവച്ചു. ഇന്ത്യ ഇതിന്റെ ആരംഭകാലം തുടങ്ങിയുള്ള ഒരു അംഗമാണ്. ഇതിനുശേഷം 8 വട്ടം ചർച്ചകൾനടന്നിട്ടുണ്ട് 1986 ഉറാഗ്വേയിൽ വച്ചുനടന്നതായിരുന്നു അവസാനത്തേതു ഇതിരൂപം കൊടുത്ത അവസാന വട്ടഉടമ്പടിൽ 1994 ഏപ്രിൽ അംഗരാജ്യങ്ങൾ ഒപ്പു വച്ചതോടെ (WTO) World Trade Organisation രൂപികൃതമായി 1995 ജനുവരി 1-ാം തീയതി ഇത് പ്രബല്യത്തിൽ വന്നു.

ആഗോളവൽക്കരണം ഇന്ത്യയിൽ ആരംഭിക്കുന്നത് 1991 നരസിംഹറാവു സർക്കാരിന്റെ കാലത്ത് അന്നത്തെ ധനമന്ത്രിയിയായിരുന്നു മൻ മോഹൻ സിംഗ് ആയിരുന്നു. 1989 ലെ അന്നത്തെ സർക്കാർ വളർത്തിയ സാമ്പത്തിക തകർച്ചയിൽ നിന്നും കരകയറുന്നതിനും തുടർന്ന് 90,91 ലെ ഗൾഫ് യുദ്ധത്തോടെ വ്യാപാര ശിഷ്ട കമ്മി 17369 കോടി രൂപയായി ഉയർന്നു. ഒപ്പം വിദേശ നാണ്യത്തിന്റെ ശേഖരം 1.1 മില്ല്യൻ ഡോളറായി താഴുയും ചെയ്തതോടെ വിദേശ വ്യാപാരംഗത്തു കടത്തു പ്രതിസന്ധിയുണ്ടാക്കി അത് പരിഹരിക്കുന്നതിന് IMF World Bank എന്നിവയുടെ നിർബന്ധപ്രകാരം ഇന്ത്യ ഉദാരവൽക്കരണ നടപടികൾ ആരംഭിക്കേണ്ടതായി വന്നു. ഇന്ന് ലോകത്തിലെ കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ അടക്കമുള്ള മിക്കരാജ്യങ്ങളും ഉദാരവൽക്കരണം നടപ്പാക്കിയിട്ടുണ്ട്. ഇതിനുള്ള കാരണം എങ്കിലെ മറ്റ് രാജ്യങ്ങളുടെ വളർച്ചയ്ക്കൊപ്പം അവർക്കും വളരാൻ സാധിക്കൂ എന്നുള്ളതാണ്.

ആഗോളവൽക്കരണത്തെ നാം വളരെ കരുതലോടെ കൈകാര്യം ചെയ്തില്ലങ്കിൽ പ്രശ്നങ്ങൾ ഉണ്ടാകും എന്നത് തീർച്ചയാണ് ഇതിന്റെ പ്രത്യാഖ്യാതങ്ങളാണ് ഇന്ത്യോനേഷ്യ, സിങ്കപ്പൂർ, മലേഷ്യ, തുടങ്ങിയ ഏഷ്യൻ രാജ്യങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയത് ആഗോളവൽക്കരണത്തിന്റെ ഈ ആഘാതത്തെ പരിക്കില്ലാതെ അതിജീവിച്ച അപൂർവ്വം ചില ഏഷ്യൻ രാജ്യങ്ങളിൽ ഒരു ഏഷ്യൻ രാജ്യമാണ് ഇന്ത്യ.

ആഗോളവൽക്കണം കുത്തകകൾക്ക് വളരാനും കൂടുതൽ കുടുതൽ കൂട്ടിചേർത്ത് കൂടുതൽ വലിയവ ആകാനും സഹായിക്കുന്നു. ആഗോളവൽക്കരണമെന്നത് ലോകമൊരു ഒറ്റവിപണിയായി വളരുന്ന പ്രതിഭാസമാണ്. പക്ഷേ ഈ വളർച്ചകൂടുതലായും വൻകിട രാജ്യങ്ങൾക്കാണ്. അവർവളരെ കരുതലോടെയാണ് ഇരിക്കുന്നത് എന്നതാണ് ഇതിനുള്ള കാരണം അതോടൊപ്പം അവർ വികസ്വര രാജ്യങ്ങളെ അവരുടെ വിപണിയായി കണക്കാക്കുന്നു. ഉദാഹരണമായി വൻകിട കോളകമ്പനികളെ തന്നെയെടുക്കാം അവർക്ക് ഈ കോളയുണ്ടാക്കുന്നതിന് വളരെ കുറച്ച് ചിലവേയുള്ളൂ പക്ഷേ അവർഇത് വിൽക്കുന്നതോ അതിന്റെ പത്തും പതിനഞ്ചും ഇരട്ടിലാഭത്തിന് ഇങ്ങനെ വരുന്നതിനുള്ള കാരണം ഈ രാജ്യങ്ങളുടെ കരുതലില്ലായിമയാണ്.

റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
Tamarind STURDY Nature Independence
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ

അമേരിക്ക പോലുള്ള വികസിത രാഷ്ട്രങ്ങൾ വികസ്വര രാഷ്ട്രങ്ങളുടെ ഉൽപന്നങ്ങൾക്ക് പേറ്റന്റുകൾ എടുക്കുന്നത്. അവരുടെ മേധാവിത്വത്തിന് ഒരു ഉദാഹരണമാണ്

വികസ്വര രാജ്യങ്ങളെ വികസിത രാജ്യങ്ങളുടെ വെറും വിപണിയായി മാത്രമേ കണക്കാക്കുന്നുള്ളൂ. ലോക സുന്ദരി മത്സരങ്ങൾ പോലുള്ള മത്സരങ്ങൾ ഇതിന് നല്ലൊരു ഉദാഹരണമാണ്. നാം അമേരിക്കയേപോലെ ധീരമായ നടപടികൾ എടുത്താൽ മാത്രമേ വിദൂരമായ ഭവിഷത്തുകളിൽ നിന്നും രക്ഷപ്പെടാൻ പറ്റുകയുള്ളൂ. അമേരിക്ക അവർക്ക് ഭീക്ഷണിയുർത്തുന്ന സാധനങ്ങൾ ഇറക്കുമതി ചെയ്യാറില്ല കൂടാതെ അവർ സാധനങ്ങൾക്ക് ഒരു നിശ്ചിത സ്റ്റാന്റേർഡ് വയ്ക്കുന്നു. അതിൽകുറഞ്ഞ സാധനങ്ങളൊന്നും അവർ ഇറക്കുമതി ചെയ്യാൻ അനുവദിക്കുകയില്ല.

അറുപത് ശതമാനത്തിലതികം കർഷകർ ഉള്ള ഇന്ത്യയെ ആഗോളവൽക്കരണം പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. റബ്ബറിന്റേയും കാപ്പിയുടെയും കുരുമുളകിന്റേയും വിലക്കുറവിന് കാരണം നാം കരുതലോടെ കൈകാര്യം ചെയ്യാത്തതാണ്. കാലകാലങ്ങളിൽ മാറുന്ന സർക്കാരുകൾ അവരുടെ താൽപര്യത്തിനുസരിച്ച് അവരുടെ നയങ്ങൾ ദുരു ഉപയോഗപ്പെടുത്തുന്നു. ഇതിനു ഉദാഹരണമാണ് റബ്ബറിന്റേയും ഉപയോഗിച്ച റബ്ബർ ടയറിന്റും ഇറക്കുമതിക്കുള്ള കാരണം. ഇക്കാര്യങ്ങളിൽ നാം അമേരിക്കയുടെ നയങ്ങൾ സ്വീകരിച്ചാൽ മാത്രമേ നമ്മുക്ക് നമ്മ രക്ഷിക്കാൻ സാധിക്കൂ.

ധനകാര്യ വകുപ്പിന്റെ കണക്കുകളിൽ നിന്ന് ഉദാ വൽക്കരണം നമ്മുക്ക് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്ന് കാണാം. ഉദാവൽക്കരണത്തിന്റെ ഫലമായി നമ്മുക്ക് നമ്മുടെ വിദേശ നാണ്യശേഖരം 20 ബില്ല്യൺ ഡോളറായി ഉയർന്നു എന്നതും കൂടാതെ കയറ്റുമതിരംഗത്ത് വർദ്ധനവ് ഉണ്ടായി കൂടാതെ കറണ്ട് അകൗണ്ടിലെ കമ്മി മൂന്നിൽ നിന്ന് 0.5 ശതമാനമായി കുറഞ്ഞു എന്നതും നമ്മുക്കുണ്ടായ നേട്ടങ്ങളായി കണക്കാക്കാം ഉദാരവൽക്കരണത്തിന്റെ ഫലമായി നമ്മേ അന്തരാഷ്ട്രസമ്പത് വ്യവസ്ഥയിൽ ഉണ്ടായിരുന്ന വിശ്വാസം വർദ്ധിച്ചു. കൂടാതെ നമ്മുടെ വ്യാപാര ശിഷ്ട പ്രതിസന്ധി പരിഹരിക്കപ്പെട്ടു. നമ്മുടെ രൂപയുടെ വ്യതിയാനനിരക്കിൽ ഉണ്ടിയിക്കൊണ്ടിരുന്ന രൂക്ഷമായ പ്രതിസന്ധി ഒരു പരിതിവരെ പരിഹരിക്കുന്നതിന് സാധിച്ചു.

ഉദാര വൽക്കരണവും ആഗോളവൽക്കരണവും ഈ നൂറ്റാണ്ടിന്റെ യാഥാർത്ഥ്യമാകുമ്പോൾ സ്വയം രക്ഷാകവചം തീർക്കേണ്ട നമ്മൾതന്നെയാണ്. ഇതിന് ഇന്ത്യയിലെ നൂറു കോടി ജനങ്ങൾ ജാതിമത വർഗ്ഗ കക്ഷി ഭേദങ്ങൾ മറന്ന് ഒരുമിച്ച് നിൽക്കണം. ഐക്യമധ്യം മഹാബലം എന്നാണല്ലോ ചൊല്ല്.




SINCE 1977

NOBY

© Shop : 224629
Res : 223422

നോബി ഫർണ്ണിച്ചർ വർക്ക്സ്

ചുങ്കം, പാലാ റോഡ്, തൊടുപുഴ

"ഫർണ്ണിച്ചർ നിർമ്മാണത്തിലെ വിശ്വസ്ത നാമം."

എല്ലാവിധ അപ്ഹോൾസ്റ്ററി വർക്കുകളും ചെയ്ത് കൊടുക്കുന്നു

റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
Tamarind


ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ




# ഓഹരി വിപണിയിലൂടെ




Jismon Jose E4



Renjith George M4


ഒരു സമ്പദ് വ്യവസ്ഥയുടെ ഹൃദയമിടിപ്പാണ് ഓഹരി വിപണി (Share Market) ഓഹരി വിപണി ആരോഗ്യാവസ്ഥയിലായിരിക്കുക എന്നതിനർത്ഥം സമ്പദ് വ്യവസ്ഥ (Economy) കരുത്ത് നേടുന്നു എന്നാണ്. സാമ്പത്തിക മേഖലയിൽ നിന്നുള്ള ഓരോ വാർത്തയും വിപണിയിൽ ചലനം സൃഷ്ടിക്കുന്നു. ഓഹരി വിപണിയെ വിശകലനം ചെയ്യുന്നതിനായി സ്വകാര്യ ടെലിവിഷൻ ചാനലുകൾവരെയുണ്ട്. സി.എൻ.ബി.സി. ഇന്ത്യ (CNBC India) ജെയിൻ ടിവി തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഓഹരിവിപണി ഇല്ലാത്ത ഒരു രാജ്യവും ഇന്ന് ലോകത്തിലില്ല. ഒരു രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയുടെ അളവുകോലാണ് ഓഹരിവിപണി എന്നു പറയുന്നത് തികച്ചും ശരിയാണ്. നമ്മുടെ സമൂഹത്തിൽ ഓഹരി വിപണിയെക്കുറിച്ചുള്ള അറിവുകൾ തുലോം തുച്ഛമാണ്.

> സെക്യൂരിറ്റികൾ വാങ്ങാനും വിൽക്കുവാനും ഉള്ള സംഘടിത വിപണിയാണ് ഓഹരി വിപണി. സെക്യൂരിറ്റികൾ എന്നു പറഞ്ഞാൽ, ഓഹരികൾ (Shares) സ്റ്റോക്സ്, ബോണ്ടുകൾ, കമ്പനി-സർക്കാർ-പൊതുമേഖല കടപ്പത്രങ്ങൾ എന്നിവയെല്ലാം വരും. സംഘടിത വിപണിയിൽ അംഗങ്ങൾക്ക് മാത്രമേ ബിസിനസ്സ് നടത്തുവാൻ അനുവാദമുള്ളൂ. ഈ അംഗങ്ങളാണ് ദല്ലാളന്മാർ (Brockers).

## ഓഹരി വിപണി

സെക്യൂരിറ്റികൾ വാങ്ങാനും വിൽക്കുവാനും ഉള്ള സംഘടിത വിപണിയാണ് ഓഹരി വിപണി. സെക്യൂരിറ്റികൾ എന്നു പറഞ്ഞാൽ, ഓഹരികൾ (Shares) സ്റ്റോക്സ്, ബോണ്ടുകൾ, കമ്പനി-സർക്കാർ-പൊതുമേഖല കടപ്പത്രങ്ങൾ എന്നിവയെല്ലാം വരും. സംഘടിത വിപണിയിൽ അംഗങ്ങൾക്ക് മാത്രമേ ബിസിനസ്സ് നടത്തുവാൻ അനുവാദമുള്ളൂ. ഈ അംഗങ്ങളാണ് ദല്ലാളന്മാർ (Brockers).

ഇന്ത്യയിലെ രണ്ട് പ്രധാന ഓഹരി വിപണികളാണ് Bombay Stock Exchange എന്ന B.S.E. യും National Stock Exchange എന്ന N.S.E. യും. BSE മറ്റൊരു പേരിലും അറിയപ്പെടുന്നു. Bombay Sen Sex എന്ന Bombay Sensitive Index. NSE അറിയപ്പെടുന്നത് S & P CNX NIFTY എന്നാണ്. BSE സൂചിക 30 ഓഹരികളെ അടിസ്ഥാനമാക്കിയാണ്. എന്നാൽ NSE 50, ഓഹരികളെ അടിസ്ഥാനമാക്കിയാണ്. ഈ രണ്ട് എക്സ്ചേഞ്ചുകളുടേയും ആസ്ഥാനം മുംബെയ് ആണ്. BSE നിലവിൽ വന്നിട്ട് 125 വർഷം കഴിഞ്ഞു. ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും സ്റ്റോക്ക് എക്സ്ചേഞ്ചുകളുണ്ട്.

അമേരിക്കയിലെ ടെക്നോളജി ഓഹരി സൂചികയാണ് NASDAQ (National Association of Securities Dealers Automated Quatation). NYSE (Newyork Stock Exchange) മറ്റൊരു അമേരിക്കൻ സൂചികയാണ്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് (L.S.E.), നിക്കി തുടങ്ങിയവയാണ് ലോകത്തിലെ മറ്റ് പ്രധാന ഓഹരി സൂചികകൾ. ഇന്ത്യൻ വിപണിയിലെ പല പ്രധാന ഓഹരികളും NASDAQ-ൽ ലിസ്റ്റു ചെയ്തിട്ടുള്ളതിനാൽ NASDAQ-ലെ ചലനങ്ങൾ ഇന്ത്യൻ വിപണികളെ സ്വാധീനിക്കുന്നു.

1956-ലെ സെക്യൂരിറ്റീസ് കോൺട്രാക്ട് റഗുലേഷൻ ആക്ട് അനുസരിച്ചും സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (SEBI) നിയമങ്ങൾ പ്രകാരവുമാണ് ഇന്ത്യൻ ഓഹരി വിപണി പ്രവർത്തിക്കുന്നത്. നിശ്ചിത ഫീ അടച്ചാലെ ഓഹരിവിപണിയിൽ അംഗത്വം ലഭിക്കൂ. സെക്യൂരിറ്റികൾ വാങ്ങാനോ വിൽക്കാനോ ആഗ്രഹിക്കുന്നവർക്ക് ഓഹരി വിപണിയിലെ അംഗങ്ങൾ (Brockers) മുഖേനയേ ഇടപാട് നടത്താൻ അനുവാദമുള്ളൂ.


ചുരിദാറുകൾക്കും ചുരിദാർ മെറ്റീരിയൽസിനും പ്രത്യേക വിഭാഗം
RUF&TUF Cotton Casuals
EXCALIBUR
Independence
Cotton Country Gwalior

ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ

THODUPUZHA

# ചാംസ്

THODUPUZHA - PHONE : 223514

B. Sc : Mathematics *( Main & Subsidiary)*, B.Sc. Physics *(Main)*
Plus1 & Plus 2, Physics, Chemistry, Mathematics, Biology
*tuition classes*






## ഇൻഡ്യൻ ജനാധിപത്യം

# ചില ശിഥില ചിന്തകൾ



Jeneesh Varkey E5

നമ്മുടെ മാതൃഭൂമി സ്വതന്ത്രമായിട്ട് 53 വർഷങ്ങൾ പിന്നിട്ടു. എന്തെന്തു പ്രതീക്ഷകളായിരുന്നു ഇന്ത്യൻ ജനതയ്ക്കുണ്ടായിരുന്നത്? സുഖ സമൃദ്ധമായ ഒരു നല്ലനാളയെ ജനങ്ങൾ സ്വപ്നം കണ്ടു. എന്നാൽ ആ സ്വപ്നം യാഥാർത്ഥ്യമായോ? പ്രതീക്ഷകൾ പൂവണിഞ്ഞോ? അനുകൂലമായ ഒരു ഉത്തരം നൽകുക ശുഭാപ്തി വിശ്വാസികൾക്ക് പോലും കഴിയുന്നില്ല. രാജ്യത്തെ നല്ലൊരു ശതമാനം ജനങ്ങൾ നിരക്ഷരരായിരിക്കുകയും ദാരിദ്ര്യരേഖ കോടികളെ വേർതിരിക്കുകയും ചെയ്യുമ്പോൾ ശുഭാപ്തി വിശ്വാസികൾക്ക് പോലും നിശബ്ദത പാലിക്കേണ്ടിവരും. സ്ത്രീകളുടെ പിന്നോക്കാവസ്ഥയും അഴിമതിയും. സാർവത്രികതയും, മതമൗലികവാദത്തിന്റെ വളർച്ചയും നമ്മുടെ സ്വപ്നത്തിലെ ഇന്ത്യയുടെ ശോഭ അകറ്റുന്നു.

എങ്ങനെ വന്നു ഈ അവസ്ഥാവിശേഷം? ഇതിന് എന്താണ് പരിഹാര മാർഗ്ഗം? രാജ്യ സ്നേഹികൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

### ഉദ്ഗ്രഥനത്തിന്റെ ശൈഥില്യം

ഒരു ജനത എന്നനിലയിൽ ഇന്ത്യയുടെ ഉദ്ഗ്രഥനം ഇന്നും ഒരു മനോഹര സ്വപ്നമായി അവശേഷിക്കുന്നു. അസന്തുലിതമായ സാമ്പത്തിക വളർച്ചയും വിഘടനവാദവും ദേശീയോദ്ഗ്രഥനത്തെ തളർത്തുകയാണ്. ഹിന്ദി ഹൃദയഭൂമിയിലെ ആര്യരെയും ദക്ഷിണേന്ത്യയിലെ ദ്രാവിഡരേയും വടക്കുകിഴക്കൻ സമ്മിശ്ര വർഗ്ഗത്തെയും ഒരു പോലെ കാണാൻ അധികാരികൾക്ക് കഴിയുന്നുണ്ടോ? പ്രാദേശിക വളർച്ചയ്ക്ക് കേന്ദ്രമന്ത്രിമാർ തന്നെ തുനിഞ്ഞിറങ്ങുമ്പോൾ അസന്തുഷ്ടി വർദ്ധിക്കുന്നു.

### വർഗ്ഗീയതയുടെ അതിപ്രസരം

ഇന്ത്യൻ ജനാധിപത്യത്തെ കാർന്നു തിന്നുന്ന ക്യാൻസറായിരിക്കുന്നു വർഗ്ഗീയത ഈ വിപത്തിന്റെ വേരുകൾ സ്വാതന്ത്ര്യ സമരകാലത്തോളം ആഴ്ന്നിറങ്ങിയതാണ്. മതസംബന്ധിയായ ഖിലാഫത്ത് പ്രസ്ഥാനത്തെ ദേശീയതയുമായി കൂട്ടിക്കെട്ടിയപ്പോഴും ക്ഷേമരാഷ്ട്രത്തെ "രാമരാജ്യ"മെന്ന് വിളിച്ചപ്പോഴും ഗീതാവ്യാഖ്യാനങ്ങളിലൂടെ തിലകനെപ്പോലുള്ള ഉന്നതനേതാക്കന്മാർ ദേശിയത വളർത്തുവാൻ ശ്രമിച്ചപ്പോഴും നമുക്ക് തെറ്റുപറ്റുകയായിരുന്നു. സ്വാതന്ത്ര്യാനന്തരം വർഗ്ഗീയത ശക്തിപ്പെടുവാൻ ഇതെല്ലാം കളമൊരുക്കി.

### അഴിമതി ഒരു തുടർക്കഥ

അവികസിത രാജ്യങ്ങളെ പൂർണ്ണമായും വികസിത രാജ്യങ്ങളെ ഭാഗികമായും ബാധിച്ചിരിക്കുന്ന ഒരു നീരാളിപ്പിടുത്തമാണ് അഴിമതി. വാട്ടർഗേറ്റിലേക്ക് ഒളിഞ്ഞുനോക്കിയ അമേരിക്കൻ പ്രസിഡന്റിന് സ്ഥാനമൊഴിയേണ്ടി വന്നെങ്കിലും ഇന്ത്യയിൽ അത്തരക്കാർക്ക് ഒരു ക്ഷീണവും വരുന്നില്ല. നിയമത്തിന്റെ പഴുതുകൾ അവരെ സംരക്ഷിക്കുന്നു. 5 കോടി രൂപ ഗോവണിക്കീഴിൽ സൂക്ഷിച്ച മുൻകേന്ദ്രമന്ത്രി ഇന്നും മാറിയ വേഷത്തിൽ കേന്ദ്രമന്ത്രി സഭയ്ക്ക് താങ്ങേകുന്നു. അഴിമതി അന്വേഷണത്തിനായി അനവധി കമ്മീഷനുകളെ നിയമിക്കുന്നുണ്ടെങ്കിലും ശിക്ഷിക്കപ്പെടുന്നവർ ചുരുക്കം.അഴിമതിക്കാരെ വീണ്ടും തെരഞ്ഞെടുക്കുന്ന ജനങ്ങൾ അഴിമതി സ്വഭാവക്കാരോ അതിനെപറ്റി ബോധമില്ലാത്തവരോ ആയിത്തീർന്നിരിക്കുകയാണ് രാഷ്ട്രീയം പണസമ്പാദനമാർഗ്ഗമല്ലെന്ന് അംഗീകരിക്കപ്പെടണം.

### മോഷ്ടിക്കപ്പെടുന്ന വികസനം

53 വർഷമായി വികസനത്തിനുമുടക്കിയ തുകയും ഉണ്ടായ വികസനവുമായി എന്തുബന്ധം? വമ്പിച്ച മുതൽമുടക്ക് എവിടെപ്പോയി? മന്ത്രിമാർ, ഉദ്യോഗസ്ഥൻമാർ, കരാറുകാർ എന്നിവരെല്ലാമടങ്ങിയ ഗൂഢസംഘം വികസനഫണ്ട് കവർന്നെടുക്കുകയാണ്. ഇതിന് ഉത്തമ ഉദാഹരണമാണ് ജനകീയാസൂത്രണം. 1000 ത്തോളം പഞ്ചായത്തുകളിൽ വെറും 200 പഞ്ചായത്തുകളേ ഫണ്ട് ഫലപ്രദമായി വിനയോഗിച്ചുള്ളു എന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു. അനുവദിക്കുന്ന തുകയുടെ 30% പോലും പ്രയോജനപ്പെടുത്തുന്നില്ല. തത്ഫലമായി വികസനമില്ലാത്ത ജനാധിപത്യം അതിന്റെ പട്ടടയിലേക്ക് നീങ്ങുന്നു.

### നേതൃമാന്യമാരുടെ ജീവിതശൈലി

വിയറ്റ്നാം ഭരണാധികാരിയായിരുന്ന ഹോചിമിൻ ഒരു കുടിലിൽ ജീവിച്ച് രാജ്യം ഭരിച്ചു. അദ്ദേഹത്തിന്റെ അനുയായികൾ എന്നവകാശപ്പെടുന്ന ഇവിടുത്തെ ഭരണാധികാരികളിൽ എത്രപേർക്ക് ഈ ലാളിത്യത്തെ പുൽകാൻ കഴിയും. കർപ്പൂരി താക്കൂറിന് അഭിവാദനം അർപ്പിക്കാം. കേരളത്തിലെ മന്ത്രിമന്ദിരങ്ങളുടെ അറ്റക്കുറ്റപ്പണിക്ക് പോലും 15 - 20 ലക്ഷം രൂപയാകുന്നു. സ്കൂളിൽ +2 അനുവദിച്ചുകിട്ടുവാൻ 25 ലക്ഷം രൂപയാകുന്നു. തോട്ടങ്ങളും നഗരഭൂസ്വത്തും വാങ്ങിക്കൂട്ടാത്ത നേതാക്കന്മാർചുരുക്കം ഇതിനൊക്കെ അറുതിവരുത്തുവാൻ ഒറ്റപ്പെട്ട വ്യക്തികളുടെ പരിശ്രമങ്ങൾക്ക് സാധിക്കുകയില്ല. അഴിമതിക്കാരെ പുഴുത്ത പട്ടിയെപ്പോലെ വെറുക്കുന്ന സമൂഹ മനസാക്ഷി ഉരുത്തിരിയണം.

റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
Blumen · Shirts · Shirts
CHAMAKKALAYIL
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ



വിവാഹ സാരികൾ,
റെഡിമെയ്ഡ് വസ്ത്രങ്ങൾ, പോപ്പിക്കുടകൾ.....
കുറഞ്ഞ വിലയിൽ

ചെട്ടിപ്പറമ്പിൽ
ടെക്സ്റ്റൈയിൽസ്
തൊടുപുഴ
Phone: Shop: 222562. Resi: 242327, 242323







INTERNATIONAL GYM
& HEALTH CLUB
Near Private Bus Stand
Pala Road, THODUPUZHA




# വളരുന്ന വിജ്ഞാനമേഖല ചുരുങ്ങുന്ന വിചിന്തനമേഖല



Minu Mary Mathew H4

> **മാധ്യമങ്ങളോ പരസ്യങ്ങളോ അല്ല നമ്മെ നിയന്ത്രിക്കേണ്ടത്. തള്ളേണ്ടത് തള്ളാനും കൊള്ളേണ്ടത് കൊള്ളുവാനുമുള്ള വിവേകം നമ്മൾ ആർജ്ജിക്കേണ്ടിയിരിക്കുന്നു. മനുഷ്യബുദ്ധി ക്രിയാത്മകമായി വർത്തിക്കുന്ന ഒരു പ്രഭാതം വിരിയുമ്പോഴാണ്, ആത്മഹത്യകളും കൊലപാതകങ്ങളും ഇല്ലാത്ത, അഭിപ്രായ വ്യത്യാസങ്ങളെ തെരുവിലിറക്കി രക്തംചീന്താനനുവദിക്കാത്ത സംസ്കാര പൂർണ്ണമായ ഒരു മനുഷ്യ സമൂഹം രൂപംകൊള്ളുന്നത്.**

ഈ രണ്ടു മേഖലയിലും മാധ്യമങ്ങൾ നിർണ്ണായക പങ്കു വഹിക്കുന്നു എന്നതു തന്നെ അതിലെ വിരോധാഭാസവും.

വിജ്ഞാന വിസ്ഫോടനത്തിന്റെ യുഗത്തിലാണല്ലോ നാമിന്നു ജീവിക്കുന്നത്. ദൃശ്യ മാധ്യമങ്ങളിലൂടെ ലോകം തന്നെ ഒരു ആഗോള ഗ്രാമമായി നമുക്കു ചുറ്റും ചുരുങ്ങിയിരിക്കുന്നു. വിവരസാങ്കേതിക വിദ്യയുടെ പുരോഗമന ഫലമായി വിജ്ഞാനത്തിന്റെ അനന്തവിഹായസ്സ് നമുക്കു മുമ്പിൽ നിർല്ലോഭം തുറന്നുകിടക്കുന്ന ഈ കാലഘട്ടത്തിൽ - മാധ്യമങ്ങളിലൂടെ നമ്മുടെ കൈക്കുമ്പിളിലേയ്ക്ക് ഒഴുകിയെത്തുന്ന വിജ്ഞാന തരംഗങ്ങൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന പതിര്, നാം കണ്ടെത്തേണ്ട സമയം അതിക്രമിച്ചുവോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

അതിനൂതനമായ കൊലപാതക മാർഗങ്ങളും, വളരെ വിദഗ്ദ്ധമായ കവർച്ചാമുറകളും ഏറ്റം സുഗമമായ ആത്മഹത്യാരീതികളും ദൃശ്യമാദ്ധ്യമങ്ങളിലൂടെ അനാവരണം ചെയ്യപ്പെടുമ്പോൾ - ഇതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തിച്ച എത്രയെത്ര സംഭവങ്ങൾ വേണമെങ്കിലും നമ്മുടെ സമൂഹത്തിൽ നിന്നും എടുത്തുകാണിക്കുവാൻ കഴിയും.

*സിനിമ:* വളരെ ജനകീയമായ ഒരു വിനോദമാണല്ലോ ചലച്ചിത്ര ആസ്വാദനം. മനുഷ്യമനസ്സുകളിൽ നിർണ്ണായക സ്വാധീനമുള്ള മേഖലകൂടിയാണിത്. ഏതുവിധേനയും പ്രശസ്തി നേടുക - അഥവാ സമ്പത്ത് നേടുക എന്ന ആശയമാണ് പ്രത്യക്ഷമായും പരോക്ഷമായും ഇന്നത്തെ വാണിജ്യസിനിമകൾ മനുഷ്യമനസ്സിലേക്ക് പകരുന്നത്. നന്മയും തിന്മയും തിരിച്ചറിയുന്നതിനുള്ള വിവേകം ആകുന്നതിനുമുമ്പേ പിഞ്ചു മനസ്സുകളിലേക്ക് കുത്തിനിറയ്ക്കപ്പെടുന്ന ആഭാസത്തരങ്ങൾ ഒരു നവതലമുറയുടെ ജീവിതത്തിൽ വിലങ്ങുതടിയാവുന്നു.

ജീവിതത്തിന്റെ സുന്ദരവശങ്ങൾ മാത്രം പൊലിമയോടെ ചിത്രീകരിക്കുന്ന കമ്പോള സിനിമകൾ യുവമനസ്സുകളിൽ ഈലോകത്തെ കുറിച്ച് വളരെ ഇടുങ്ങിയ ചിന്താഗതി സൃഷ്ടിക്കുന്നു. ആട്ടവും പാട്ടും മാത്രമല്ലാത്ത മനുഷ്യ ജീവിതത്തിലേയ്ക്ക് നോക്കിയാൽ - യുവത്വത്തിന്റെ പടികടന്ന് ജീവിത യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ പതറാതിരിക്കേണ്ട യുവമനസ്സ് കൗമാരത്തിൽ വച്ചു തന്നെ നഷ്ടപ്പെട്ട അവസ്ഥ. ക്യാമ്പസ് ചിത്രങ്ങൾ എന്നവകാശപ്പെടുന്ന വാണിജ്യ സിനിമകളുടെ വിജയം ക്യമ്പസിനെ സത്യസന്ധമായി ചിത്രീകരിക്കുന്നതിലല്ല. മറിച്ച് അനുകരണ ഭ്രമം ബാധിച്ച ക്യാമ്പസിനെ - ജനങ്ങളെ- എത്രമാത്രം ആകർഷിക്കുന്നു എന്നതിലാണ്.

*ടെലിവിഷൻ;* ഇന്ന് ഓരോ കുടുംബത്തിന്റെയും അനുദിന ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന ഒന്നാണല്ലോ ടെലിവിഷൻ. ഇത് മനുഷ്യബുദ്ധിയിലേക്കുള്ള വിജ്ഞാനത്തിന്റെ ചാലുകൾതന്നെയാണ്. എന്നാൽ അനന്തമായി നീളുന്ന മെഗാസീരിയലുകൾ കടുംബസദസ്സുകളുടെയും, മനുഷ്യായുസിന്റെ തന്നെയും നല്ലൊരു പങ്


റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
Blumen
Classic
Shirts
Shirts
JMJ CHAMAKKALAYIL
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ

ചൊല്ലിക്കേണ്ടതുണ്ടോ? ഏറ്റവും കൂടുതൽ കോപ്പി വിറ്റഴിക്കുന്നു എന്ന് വീമ്പിളക്കുന്ന പത്രക്കാരനും ഷാംമ്പു കച്ചവടക്കാരുടെ കൂടെ ടെലിവിഷനിൽ പത്രത്തിന് പരസ്യം കൊടുക്കുന്നു. എത്രവളർന്നാലും അണ്ണാന് മരം കണ്ടാൽ കയറാതിരിക്കാൻ പറ്റുമോ? കച്ചവടക്കാരന് അവന്റെ ജന്മവാസനകളെല്ലാം പ്രദർശിപ്പിച്ചല്ലെ പറ്റൂ. കോപ്പികളുടെ എണ്ണമാണോ കൂട്ടരെ പത്രത്തിന്റെ ശ്രേഷ്ഠത ? ഏറ്റവും കൂടുതൽ പേപ്പറിൽ ഉത്തരമെഴുതുന്ന വിദ്യാർത്ഥിക്കാണോ റാങ്ക് കൊടുക്കുക ? നിലവാരത്തിന്റെ പേരിൽ എന്തുകൊണ്ട് മേനിനടിക്കുന്നില്ല.

നല്ല വായനക്കാർ കൈയൊഴിഞ്ഞാൽ പിന്നെ പ്രതാപികളായ പ്രസിദ്ധീകരണങ്ങൾ എന്തുചെയ്യണം. സോവിയറ്റ് റഷ്യ നശിച്ചപ്പോൾ അവിടുത്തെ പെണ്ണുങ്ങൾ ഉപജീവനത്തിന് സ്വീകരിച്ച തൊഴിൽ ...... തറവാട് മുടിയുമ്പോൾ ഇത് കേരളത്തിലും പതിവാണ്. വായനക്കാർ കുറയാൻ തുടങ്ങിയപ്പോൾ ഇന്ത്യാറ്റുഡേയുടെ മലയാളം പതിപ്പിൽ കാണാൻ തുടങ്ങിയ ചിത്രപ്രദർശനങ്ങൾ മറ്റെന്താണ് തെളിയിക്കുന്നത്. നിങ്ങളൊക്കെ ഇങ്ങനെ കടന്നു കയറാൻ തുടങ്ങിയാൽ അരമുണ്ട് കാണാത്ത നടിമാരുടെ മുഴുരൂപ ചിത്രങ്ങൾ പ്രസിദ്ധീകരിച്ച് ഉപജീവനം കഴിക്കുന്ന പാവപ്പെട്ട സിനിമാ മാസികക്കാർ എന്തുചെയ്യും സർ!

സ്വന്തമായിട്ട് മഹിമ പറയാൻ ഒന്നും ഇല്ലെന്ന് വന്നാൽ അപ്പനപ്പൂപ്പൻമാരുടെ പാരമ്പര്യം പറയുക കോൺഗ്രസുകാർ തൊട്ട് സംഘപരിവാരക്കാർ വരെ ചെയ്യുന്ന തടിതപ്പൽ. പത്രധർമ്മം പറയുക, നെഹ്റുവിനെ ഉദ്ധരിക്കുക, പണ്ട് സർ സി.പി. പത്രമാഫീസ് കണ്ടുകെട്ടിയ കഥപറയുക അങ്ങനെ അപ്പൻ ആന കയറിയതിന്റെ തഴമ്പ് കാട്ടികൊടുത്ത് മക്കൾ ഞെളിഞ്ഞ് നടക്കുക.

നമ്മുടെ പത്രങ്ങളും പടിഞ്ഞാറൻ പപ്പരാസികളും തമ്മിലുള്ള വ്യത്യാസം തീരുകയാണ്. മലയാള മനോരമയുടെ സപ്ലിമെന്റുകൾ തനിഗ്ലോസിപ്പ് കോളങ്ങളായി മാറിക്കഴിഞ്ഞു. ചുമ്മാതിരിക്കുന്നവർ നേരംപോക്കിനായിട്ട് രണ്ട് രൂപയുടെ കടലവാങ്ങി കൊറിക്കുന്നതിന്റെ ഗൗരവമേ പത്രവായനയ്ക്ക് ജനം കൊടുക്കുന്നുള്ളൂ എന്ന സ്ഥിതി വന്നുകൊണ്ടിരിക്കുന്നു. വെറും നേരം പോക്ക്. ദേശാഭിമാനിയിലെ നായനാർക്കുള്ള വായനക്കാരേക്കാൾ കൂടുതൽ പ്രേക്ഷകർ ഏഷ്യനെറ്റിലെ നായനാർക്കുണ്ടായിരുന്നല്ലോ. വെറും നേരും പോക്ക്. ചിരിച്ച് തള്ളുക.

Aby George M6


*Best Compliments From:*

PREMIER
CHEMICALS & EQUIPMENTS
MUNICIPAL BUILDINGS
THODUPUZHA, KERALA
PH: 222183

Dealers in : - Library Equipments, Chemicals, Diagnostics etc.

" ജോലിതേടുന്നവർക്കും ജോലിക്കാരെ തേടുന്നവർക്കും ഒരു വഴികാട്ടി "

(ഓഫീസ് സ്റ്റാഫ്, Sales Man, Sales Girl, Receptionalist, Assistant, Driver, Plastic, Rubber, Plywood, അച്ചാർ കമ്പനികളിൽ, Hospital Staff, Hotel Staff, വീട്ടു ജോലിക്കാരെയും, ഹോംനേഴ്സിനെയും ആവശ്യമുള്ളവർ ബന്ധപ്പെടുക.

GLOBAL ASSOCIATES
PLACEMENT SERVICE
Adam Star Complex, 1st Block II nd Floor
THODUPUZHA
Ph: (O) 0486 - 227653, (R) 0485 282244

REAL ESTATE, MARRIAGE BUREAU, MANPOWER CONSULTANT

പ്രമുഖ കമ്പനികളുടെ റെഡിമെയ്ഡ് ബ്രാന്റുകൾ
TANTEX JOCKEY Crocodile KILLER
JMJ CHAMAKKALAYIL
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ




# കേരളത്തിലെ കാർഷിക പ്രതിസന്ധിയും പരിഹാരമാർഗ്ഗങ്ങളും



ചിത്ര ചന്ദ്രൻ M3

കേരള സംസ്ഥാനം രൂപീകൃതമായിട്ട് നാലു പതിറ്റാണ്ടുകളേ ആകുന്നുള്ളുവെങ്കിലും, കേരളമെന്ന സങ്കൽപനം വളരെ പ്രാചീനമായിട്ടുള്ള ഒന്നാണ്. മൗര്യ സാമ്രാജ്യസദസ്സിലെ യവന അമ്പാസിഡർ മെഗസ്തനീസിന്റെ വിവരണങ്ങളിൽ 'ചേര' ജനതയേക്കുറിച്ച് പരാമർശമുണ്ട്. ചേരൻമാരുടെ രാജ്യമായ 'ചേരള'ത്തിന്റെ ഭാഷാന്തരമാണ് കേരളമെന്ന് ഡോ.ഗുണർട്ട് അഭിപ്രായപ്പെടുന്നു. ക്രിസ്തുവിന് 10 നൂറ്റാണ്ടുമുമ്പുതന്നെ ഇരുമ്പുകൊണ്ടുള്ള ആയുധങ്ങൾ കേരളത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നെങ്കിലും കൃഷി വ്യാപകമായതും ജനങ്ങളുടെ മുഖ്യതൊഴിലായതും 18-20 നൂറ്റാണ്ടുകളിലാണ്. നെല്ലായിരുന്നു പ്രധാനവിള. നദീതടങ്ങൾ നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായിരുന്നു. കേരളത്തിന്റെ മുഖമുദ്രയായ കേരകൃഷി പിന്നീട് മാത്രമാണ് ആരംഭിച്ചത്.

പക്ഷേ, കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ കാർഷികമേഖല ഇന്ന് ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കാർഷികവികസനം എന്നത് കേവലമൊരു സാങ്കേതിക പ്രശ്നം മാത്രമല്ല, മറിച്ച് അടിയുറച്ച ഒരുസാമൂഹിക സാമ്പത്തികപ്രശ്നം കൂടിയാണ്.

മണ്ണും വെള്ളവും സൂര്യപ്രകാശവും ഒപ്പം മനുഷ്യാദ്ധ്വാനവും ഉപയോഗപ്പെടുത്തി ജൈവോൽപ്പന്നം രൂപപ്പെടുത്തുന്ന പ്രക്രിയയാണ് കൃഷി. കാർഷിക ഗവേഷകർ കൃഷിയെ വിലയിരുത്തുന്നത് ഏതുതരത്തിലുള്ള വിളവുകൾ ഉല്പാദിപ്പിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ്. എന്നാൽ കേരളത്തിലെ കർഷകരെ നെൽകൃഷിക്കാർ, റബ്ബർ കൃഷിക്കാർ, തെങ്ങുകൃഷിക്കാർ എന്നിങ്ങനെ വേർതിരിക്കുക എളുപ്പമല്ല. ഇവിടെ പരിമിതമായ ഭൂമിയിൽ-വെള്ളത്തിനും മണ്ണിനും അനുയോജ്യമായ ഭൂമിയിൽ വൈവിധ്യം ഉള്ള വിളകൾ വിളയ്ക്കുന്ന കൃഷിയിടങ്ങളാണ് നമുക്ക് ഉള്ളത്.

കൃഷി, ഭൂമിയിൽ വ്യാപകമായി നടത്തേണ്ട പ്രവർത്തനമാണ്. അതിന്റെ കേന്ദ്രീകരണം അസാധ്യമാണ്. ഇന്ന് കാർഷികമേഖലയിൽ സംഭവിച്ചുകോണ്ടിരിക്കുന്ന വ്യതിയനങ്ങളെ വിപുലമായ അടിസ്ഥാനത്തിൽ തന്നെ വിശകലനം ചെയ്യേണ്ടതാണ്. കേരളത്തിൽ കാർഷിക മേഖല മുരടിപ്പ് നേടുകയാണെന്ന കേവല വിമർശനം നമ്മുടെ അപൂർണ്ണമായ വികസന കാഴ്ചപാടിന്റെ ഫലമായിട്ടാണ് എന്ന് പറയാം.

30 വർഷമായി വളർച്ചാതോത് 2% നിലനിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് കാർഷിക മേഖലയിൽ മുരിടിപ്പ് ഉണ്ടെന്ന് പറയുന്നത് പൂർണ്ണമായും ശരിയല്ല. വിളവിന്റെ ഉൽപാദന ക്ഷമതയിലാണ് ഇന്ന് മുരടിപ്പ് അനുഭപ്പെടുന്നത്. ഇതിൽ കേരളത്തിന്റെ വളർച്ചനിരക്ക് നിസാരമാണ്. നെല്ല്, തെങ്ങ്, റബ്ബർ മേഖലയിൽ മികച്ച ഉൽപാദന ക്ഷമത കൈവരിക്കാൻ കഴിഞ്ഞെങ്കിലും ഭൂരിപക്ഷം വരുന്ന ചെറുകിട നാമമാത്ര കർഷകർ കേന്ദ്രീകരിക്കുന്ന ഈ കൃഷികളുടെ ക്ഷമത കുറയുന്നത് ആശാസ്യകരമല്ല.

ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് മൗലിക പ്രശ്നം. കൃഷിരീതീയിൽ നാം കൈക്കൊണ്ട ചില സമീപനങ്ങളിൽ ഒന്നാണ് വിഭവങ്ങളെ പൂർണ്ണമായും പ്രയോജനപ്പെടുത്താതെ വെറും ലാഘവബുദ്ധിയോടെ ഉപയോഗിക്കുക എന്നത്. ഈ സമ്പ്രദായത്തിന്റെ ഫലമായി ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ രീതികളെയും ഉത്പാദനോപാധികളേയും ഉപയോഗപ്പെടുത്തിയിട്ടില്ല.

കൃഷിചെയ്തെടുക്കുന്ന ഭൂരിഭാഗം ഉത്പന്നങ്ങളും അന്യമാർക്കറ്റുകളിൽ വിപണനം ചെയ്യപ്പെടുന്നു എന്നതാണ് മറ്റൊരു പ്രശ്നം. നമ്മുടെ ഭൂവിഭവശേഷി കണക്കിലെടുക്കുമ്പോൾ ഈ പ്രശ്നം തുടരുകയേ ഉള്ളൂ.

ഗ്രാമങ്ങളിൽ പോലും പുതിയ തലമുറ കാർഷികരംഗത്തേയ്ക്ക് കടന്നു വരുന്നില്ല. വേതനക്കുറവല്ല ഇതി


റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
Legend PAN AMERICA dh
JMJ CHAMAKKALAYIL
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ

PULIMOOTTIL SHOE PARK

**PULIMOOTTIL**

**SHOE PARK**

Market Road, **THODUPUZHA**

*All kinds of Footware,*
*Ladies bags, lather items,*
*Travels requisits etc...*

**TEXMO**
**MONOBLOCK**
**PUMP SET**



**SUPPLIERS OF**
**KIRLOSKAR PUMP SETS, TEXMO MONO BLOCKS, TARO MONO BLOCKS, SUGUNA PISTON PUMPS, DIESEL GENERATOR SETS, ALMONARD AIR CIRCULA TORS, M.D.S., CIRCUIT BREAKERS & ELCB, ZOLOTO VALVES AND COCKES, KANAFLEX SUCTION HOSE, P.V.C. PIPES & FITTINGS, SANITARY WARES**

*ALL TYPE FANS & ELECTRICAL GOODS*

Kirloskar

**JOS ELECTRICALS**

**THODUPUZHA**
Ph: 222380, 223380, Res: 223280

**The Thodupuzha Primary Co-operative Agricultural and Rural Development Bank Ltd. No. 4388**

**THODUPUZHA**

Head Office:**THODUPUZHA**
Phone: 0486-222574

Branch: **VAZHATHOPE**
Phone: 0486-235263

**President:**
**Prof. K.I. ANTONY M.A.**
Phone: 0486-222019 (Res.)
0486-223661

**Secretary:**
**THOMAS SEBASTIAN**
Phone: 0486-222574
0486-276377

ആശംസകൾ !

എല്ലാവിധ ലേഡീസ്, ഫാൻസി
ഐറ്റംസ് മിതമായ വിലയ്ക്ക്

**കിങ്ങിണി ഫാൻസി സ്റ്റോഴ്സ്**
**& ലേഡീസ് സെന്റർ**

മങ്ങാട്ട്കവല ബസ്റ്റാൻഡ്
തൊടുപുഴ




# സാമ്പത്തിക വളർച്ച വേണോ ?
# രാജ്യസ്നേഹവും നട്ടെല്ലും ഉണ്ടായിരിക്കണം

Divya Jose L4

കേരള മുഖ്യമന്ത്രിയുടെ നടപ്പും മട്ടും ഒരു നശിച്ച തറവാടിന്റെ കാരണവരെ ഓർമ്മിപ്പിക്കും. കടത്തിന്റെയും പ്രാരാബ്ദങ്ങളുടേയും ഓലക്കെട്ടും കക്ഷത്തിലേന്തി പിന്നാലെ നടക്കുന്നസർവ്വധികാര്യക്കാരൻ ധനമന്ത്രിയും കൂടിച്ചേരുമ്പോൾ പൊലിഞ്ഞ ജന്മിത്വത്തിന്റെ ഉത്തരാധുനിക സ്വരൂപം പൂർണ്ണമാകുന്നു. ദൈവത്തിന്റെ സ്വന്തം നാട്ടിലെ സാമ്പത്തിക ദുരിതം കണ്ടാൽ യശ്വന്ത് സിൻഹ ഒഴികെ ലോകത്തിലെ എതു ധനാഢ്യന്റെ യും മനസ്സലിയും.

കടക്കാരുടെ കണ്ണുരുട്ട് ഒരു വശത്ത്. പണിയെടുത്തിട്ടും കാശുകിട്ടാതെ പട്ടിണികിടക്കുന്ന പ്ലസ്.ടു അദ്ധ്യാപകർ. പി. ഡബ്ല്യൂ. ഡി. കരാറുകാർ തുടങ്ങിയ വയറ്റത്തടിക്കാർ വേറെ. ഒരു പ്രാവശ്യമെങ്കിലും പെൻഷൻ തുകയെ കൺകുളിർക്കെ കണ്ടിട്ട് മരിക്കാൻ കാത്തിരിക്കുന്ന അടുത്തൂൺകാർ അങ്ങനെ. ലോകത്തിനു തന്നെ മാതൃകയായ കേരള മോഡലുകാർക്ക് ആനന്ദ ലബ്ദിക്കിനിയെന്തുവേണം. കേരള വികസനം ചൂണ്ടിക്കാട്ടി നോബൽ സമ്മാനം നേടിയെന്ന് ഇവിടുത്തുകാർ ധരിച്ചു വശായ അമർത്യോസെന്നിനെ കേരളത്തിൽ കൊണ്ടുവന്നു. ആഗോളവത്കരണത്തെ ഭർത്സിക്കുവാനും കേരള മോഡലിനെ വാഴ്ത്താനും. കേരള മോഡലിനെ ഭർത്സിച്ചിട്ടും ആഗോളവത്കരണത്തെ വാഴ്ത്തിയിട്ടും അങ്ങേർ പോയി. ലോക ബാങ്ക് ചാരനെന്ന് കൊണ്ടുവന്നവർ അങ്ങോട്ടും വിളിച്ചു.

രാഷ്ട്രീയക്കാരൊഴികെ കേരളത്തിൽ ആർക്കെങ്കിലും രക്ഷയുണ്ടോ! പഠിച്ചിറങ്ങുന്നവർക്ക് പണിയില്ല. പണിയുള്ളവർക്ക് പണിപോകില്ല എന്നതിനുറപ്പില്ല. ഇന്ന് ശരാശരി കേരളീയന്റെ സുഖം ഒന്നുമില്ലാതെ കടത്തിണ്ണയിൽ ഉറങ്ങുന്ന ദരിദ്രന്റെ മന:സുഖം മാത്രമാണ്.

കേരള മോഡൽ വികസനം കേരളത്തെ അത്രയൊന്നും സഹായിച്ചില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവ്"ചന്ദ്രനിൽ ചെന്നാലും ഒരു മാടക്കടക്കാരൻ മലയാളിയെ കാണാം" എന്ന ചൊല്ലിലുണ്ട്. കുടുംബത്തില് ഉണ്ടിറങ്ങാൻ വകയുണ്ടെങ്കിൽ കുടുംബാംഗങ്ങൾ അഷ്ടിക്കു വക തേടി ഉലകം ചുറ്റുമോ? സമ്പത്ത് വാരാൻ ജീവൻ പോലും പണയം. വെച്ച് വാസ്കോഡഗാമ വന്ന നാട്ടിൽ നിന്നാണെന്ന് ഓർക്കണം പണിയന്വേഷിച്ചുള്ള കൂട്ട പലായനങ്ങൾ, ധാരാളം ജലസമ്പത്തും, പ്രകൃതി ദത്തമായ തുറമുഖങ്ങളോടു കൂടിയ സുദീർഘമായ കടലോരങ്ങളും അഭ്യസ്തവിദ്യരായ മനുഷ്യരും എല്ലാമുണ്ടായിരുന്നിട്ടും നമ്മുടെ ഗതി കീഴ്പോട്ടാകുന്നതെന്തുകൊണ്ട്? ഈ നാടിനെ നാശകോലം തുള്ളിക്കുന്ന ബാധയെ ആർക്കും തിരിച്ചറിയാം. പ്രത്യാശാസ്ത്രബാധയെന്ന രാഷ്ട്രീയ ബാധ. അഞ്ചുകൊല്ലം കൂടുമ്പോൾ വോട്ടർമാർ ബാധയൊഴിക്കാൻ പച്ചയും കത്തിയും മാറിമാറി ആടിനോക്കുന്നുണ്ട്. ഫലം ഉമ്മറുത്ത് ഇരിക്കുന്ന ആത്മാവ് നടുത്തളത്തിലേക്കും നടുത്തളത്തിലേത് ഉമ്മറത്തേക്കും വാസം മാറ്റും.

സ്വകാര്യമേഖലയോടുള്ള പ്രത്യാശ്സ്ത്രപരമായ എതിർപ്പ് കേരളത്തിലുള്ളിടത്തോളം ലോകത്തൊരിടത്തും ഉണ്ടായിക്കാണില്ല. ഈ എതിർപ്പ് ഒരു ആശയഗതിയായി പടർന്ന് സാമൂഹ്യബോധത്തിന്റെ മാനദണ്ഡമെന്നും വന്നു. വ്യക്തിഗത സംരംഭങ്ങൾ ഉൽഘാടനം ചെയ്യുന്നത് ധാർമ്മികതയ്ക്ക് ചേർന്നതല്ലെന്നധരണ ഇപ്പോഴും ഒരു വലിയ എണ്ണം രാഷ്ട്രീയ നേതാക്കൾ പുലർത്തുന്നുണ്ട് എല്ലാം പൊതുമേഖലയിൽ എന്നൊരു ധാരണ ദൃഢമായി മറിച്ചുചിന്തിക്കുന്നവർ പിന്തിരിപ്പന്മാർ.

അഞ്ചു പതിറ്റാണ്ട് കാലം സ്വകാര്യ വിരുദ്ധസ മരം ആഞ്ഞടിച്ച സംസ്ഥാനമാണ് കേരളം. പുറത്ത്നിന വ്യവസായികൾ വരാൻ ധൈര്യപ്പെടുന്നില്ല എന്നു മാത്ര മല്ല ഉള്ളവർക്ക് കൂടി പ്രാണരക്ഷാർത്ഥം സംസ്ഥാനം വിട്ടു ഹാ! എന്തൊരു മന:ശാന്തി. സ്വകാര്യ മേഖലയ്ക്ക ചെയ്യാൻ കഴിയുമായിരുന്ന സംഭവങ്ങളുടെ വലിപ്പം അറ യണമങ്കിൽ വിദ്യാഭ്യാസ രംഗവും ആരോഗ്യപരിപാല രംഗവും മാത്രം നോക്കിയാൽ മതി. സർക്കാർ ആശുപത്ര


റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
Man Machine
Tamarind
STURDY
Nature Independence
JMJ CHAMAKKALAYIL
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ

# MANIPAL IT EDUCATION (MITE)

Study Centre: **BANDS MANAKAD ROAD.** Tel: 486 226040

*Admission Notification July 2001 for the vth batch of Information Technology to*

**SIKKIM MANIPAL UNIVERSITY'S INFORMATION TECHNOLOGY**

India, U.S.A., Singapore, Japan Germany, France, South Korea തുടങ്ങിയ രാജ്യങ്ങളിലായി 2005-ൽ IT മേഖലയിൽ 2 ലക്ഷം തൊഴിലവസരങ്ങൾ. ഈ മേഖലയിലേക്ക് വിദ്യാർത്ഥികളെ സജ്ജരാക്കാൻ IT രംഗത്തെ പുതുപ്രവണതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മണിപ്പാൽ സിക്കിം യൂണിവേഴ്സിറ്റി ഏറ്റവും പുതിയ പാഠ്യപദ്ധതി ആവിഷ്കരിച്ചിരിക്കുന്നു.

*E-commerce Fundamentals*

**• HTML • JAVA • VISUAL JAVA • CGI/Peri • JDBC • CORBA/COM/DCOM • ASP • Front page etc...**

**Special Attention**

**C, C++, V. Basic, Oracle, Developer-200, P.B.**

**Manipal IT Education (MITE)**

**Study Centre : Thodupuzha (code No.121)**

| COURSE | ELIGIBILY | DURATION |
|---|---|---|
| 1. Master of Science in IT (M.Sc. IT) (MIT) | Graduate in any discipline | 3 years |
| 2. Bachelor of Science in IT (B.Sc. IT) (BIT) | +2/PDC | 3 years |
| 3. Post Graduate Diploma in IT (PGDIT) | Any discipline | 1 year |
| 4. Diploma in Information Technology (DIT) | +2/PDC | 6 months |
| 5. Post Graduate Diploma in Eletronic Commerce (PGDEC) | Any degree | 1 year |
| 6. Diploma in Electronic Commerce | +2/PDC | 6 months |

- All above courses are U.G.C. approved
- Students who have succesfully completed B.E./ B.Tech/ B.C.A./ B.Sc. Comp. Sc. can directly join the 3rd Semester of Masters degree and those who have completed 6 months approved computer courses can directly join to the 2nd Semester of Master / Bachelors degree courses.
- Candidates undergoing eligibility courses or those who have awaiting results can also apply.
- Hostel facilities for boys & girls.
- For more details Contact: Manipal IT Education (MITE) Code 121

# My CAR

**EXCLUSIVE CAR BEAUTY SHOPE**

TWO WHEELER & CAR ACCESSORIES

K.K.R Jn. Near Mangattukavala Pvt. Bus Stand,
**THODUPUZHA** - East, Kerala - 685585.
0486 - 220157(Shop). 0486 - 227528 (Res)



- Sterios
- Seat Covers
- Body Covers
- Wheel Covers
- Foot Matts &Carpets
- Accessories & All Extra fittings
- Remote Central Locking & Security Systems
- Helmets
- Seat Sports
- Seat Covers
- Mud Guards
- Head Light Visors
- Tail Pannel Covers
- Side Pannel Covers






Satheesh N. Balan *M4*

# The Third Millenuium

## CHALLENGES AND OPPORTUNITIES

**Now** that the euphoria of the year-long millennium celebrations has come to an end, it is time to assess the challenges and opportunities offered by the third millennium. What does the new millennium offer to the new generation?

It was man's ability for hardwork that led to his rapid progress. Unlike the other creatures, on the earth, man has the power to overcome nature. Tools have always come to this aid for overpowering nature. And it was according to these tools that we identify our past. The period when man came to use stone tools is known as the 'stone age'. Later he developed tools with the help of iron and bronze. Now at the end of the industrial revolution, we have reached the computer age.

With the advent of computers, we are now faced with information explosion. Information technology has reduced the earth into a global village. Information is now considered a commodity. Computers can easily pass it to every nook and corner of the world in no time.

India today possesses a tremendous resource namely man power. Apart from China, India has the highest number of trained scientists, engineers and computer trained personnel. This is the most opportune moment for India to utilize her manpower. This process will soon launch India into the super power league.

As President Bill Clinton mentioned in his farewell speech, the gulf between the haves and the have-nots is ever widening. It is ironic that there is plenty of wealth in the world, but the poverty that prevails here is really apalling. This situation is analoguous to poet Coleridge's line, "Water, Water every where not a drop to drink". It is now the responsibility of every government and various social organizations to wipe out poverty from the face of earth.

It is also necessary to eradicate illiteracy, ignorance and ill health. It is the duty of every educated citizen to work hard in this direction.

The 20th century had been a century of piling up of armaments. The twenty first century should however be one of rapid disarmament. The UNO should be helped to promote peace and harmony in the war zones. The money wasted on armament should be utilized for the welfare of the downtrodden. Militancy and terrorism should be solved through mutual discussions.

Thus the new generation should work for a brave new world-a paradise on the earth. By working together with noble aims, we can build a society based on equality, justice and liberty. Let us thus work for a 'peaceful millennium'.


റെഡിമെയ്ഡുകൾക്ക് പ്രത്യേക വിഭാഗം

Legend PAN AMERICA

ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ

SPRINT
Computer Education
Get set, for success

An Affiliate of 'ASSYST' Inc. Virginia, USA
Pulimoottil Plaza, THODUPUZHA.
Tel: 229043,227527



# ന്യൂമാന്റെ കണ്ണാടി
# ന്യൂമാൻ ടൈംസ്

NEWMAN TIMES



സനോജ് ജോർജ്ജ് (L4)

ന്യൂമാൻ കലാലയത്തിന്റെ ഉൾത്തുടിപ്പുകൾ ഏറ്റു വാങ്ങിക്കൊണ്ട് ന്യൂമാൻ ടൈംസ് നാലാം വർഷത്തിലും സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ചു. പാഠ്യേതര പ്രവർത്തനങ്ങൾ പൊതുവേ മന്ദഗതിയിലായിരുന്ന ഈവർഷവും ന്യൂമാൻ ടൈംസിന് കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ തികഞ്ഞ സംതൃപ്തി മാത്രം.

വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യം വച്ചുള്ള കരിയർ ഗൈഡൻസ് സെല്ലിന്റെ പ്രസിദ്ധീകരണമാണ് ന്യൂമാൻ ടൈംസ്. സൃഷ്ടിപരമായ രചനയിലും പത്രപ്രവർത്തനത്തിലും താത്പര്യമുള്ള ഒരു കൂട്ടം വിദ്യാർത്ഥികളുടെ പ്രവർത്തനഫലമാണ് ഓരോ ന്യൂമാൻ ടൈംസും. കാമ്പസിൽ നടക്കുന്ന ഓരോ സംഭവങ്ങളും ക്രോഡീകരിച്ച് വിശകലനം ചെയ്ത് ഒരു വർത്തമാന പത്രത്തിന്റെ ശൈലിയിൽ പുറത്തിറങ്ങുന്ന ന്യൂമാൻ ടൈംസ് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മുക്തകണ്ഠമായ പ്രശംസ പിടിച്ചു പറ്റി.

'ഒരു കവിത സ്പെഷ്യൽ' പതിപ്പ് പ്രസിദ്ധീകരിച്ചു കൊണ്ട് കവിതാ രചനയിൽ താൽപര്യമുള്ള വിദ്യാർത്ഥികളിലെ സർഗ്ഗാത്മകമായ കഴിവുകളെ ഉണർത്തുവാനും പ്രോത്സാഹിപ്പിക്കുവാനും പരമാവധി ശ്രമിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ മൂല്യച്യുതികളെ തുറന്നു കാണിക്കുന്ന ഒരു ലേഖന പരമ്പരയും ഈ വർഷം പ്രസിദ്ധീകരിക്കുകയുണ്ടായി. അരുൺ കുമാർ (K7) ജോജി ജോസ് (L6) എന്നിവരാണ് ഈ പംക്തി കൈകാര്യം ചെയ്തത്. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടേയും ഇടയിൽ ചൂടേറിയ ചർച്ചയ്ക്ക് ഈ ലേഖന പരമ്പര വഴിതെളിച്ചു എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്.

ഷൈജു തോമസ് (L3), രതീഷ് എം.കെ. (M3) ട്രീസ അലക്സ് (L3) രാജി കെ.പി. (z4) ഡോൺ വി. ജോബ് (P3) ബിൻസിജ കെ. (P3) ലക്ഷ്മി ചന്ദ്രൻ (K3) എന്നിവരാണ് സബ് എഡിറ്റർമാരായി സ്തുത്യഹർമായ സേവനമനുഷ്ഠിച്ചത്. സ്റ്റാഫ് അഡ്വൈസർമാരായി ഡോ. ജോ ജേക്കബ്, പ്രൊഫ. ജോസഫ് ഡാനിയേൽ എന്നിവരാണ് പ്രവർത്തിച്ചത്. മുൻ പ്രിൻസിപ്പൽ ഔസേപ്പച്ചൻ സാർ, പ്രിൻസിപ്പൽ അപ്രേം സാർ, വിവിധ വാർത്തകൾ എത്തിച്ചുതന്ന വിദ്യാർത്ഥി നേതാക്കൾ, വിവിധ ക്ലബ് ഡയറക്ടർമാരായ അദ്ധ്യാപകർ, കോളേജ് ഫോട്ടോ കോപ്പി സർവ്വീസ് സെന്ററിലെ മഞ്ചു എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നതിന് ഈ അവസരം വിനിയോഗിക്കുന്നു.

വിശ്വസ്തതയോടെ


സനോജ് ജോർജ്ജ് (L4)
ചീഫ് എഡിറ്റർ

SREEDEVI ENTERPRISES
PRIVATE EMPLOYMENT
Room No. 115, PNK Tourist Home, East. Opp: Govt Boy's High school
THODUPUZHA Ph: (O)220999, Res: 264793

Salesgirls,Manager, Asst. Manager Computer Operator, Receptionist, Cashier, Barman, Waitors, Captains, Cleaners, Security, drivers, Salesmen, Salesgirls,Helpers, Supervisors,
Free Food and Accomodation, Attractive salary

ലെയ്മെയ്ഡുകൾക്ക് പ്രത്യേക വിഭാഗം
AIR MAIL limited Cambridge XEMBER
ചാമക്കാലായിൽ
സിൽക്ക്സ് & സാരീസ്
തൊടുപുഴ

# SIKHISM



Arun Johnson K4

**We** have seen the peaceful progress of Sikhism in the sixteenth century and its conflict with the Mughals in the following century. Har Govind (1606-45) gave a military character to the Sikh Organisation and exercised spiritual and temporal authority over his followers. He was imprisoned by Jahangir for twelve years at Gwalior in order to make him pay the fine imposed on Guru Arjun. Har Govind's militarism led to his clash with Shah Jahan and to his own retirement to the hills of Kashmir. His grandson, Har Rai(1645-61), the Seventh Guru, was venerated by Dara Shukoh, but his sympathy with the latter after his defeat at Samugarh provoked Aurangzib, who asked the guru to explain his conduct. His first son, Ram Rai, was sent to the imperial court where he secured the emperor's favour. So Har Rai was succeeded by his second son. Har Krishan (1661-4), and Ram Rai also styled himself guru. The succession disputes ended with the acquiescence of the Sikhs in the pontificate of Tegh Bahadur(1664-75), the ninth guru and second son of Har Govind. He joined the imperialists and fought in Assam in 1668, and a few years later, Anandpur (Hosiliarpur Dt. Panjab) became his head quarters. He organised opposition to the policy of destroying temples followed by Aurangzib, with the result that the guru was executed by the emperor in 1675.

